VOL NO: 09
ISSUE 18
2025 MAY 03
₹10

# നേർപഥം

വാരിക
www.nerpatham.com I mail@nerpatham.com

■ ഡോ.പി.അബൂബക്കർ: വിട പറഞ്ഞ മഹാ പ്രതിഭ

# പഹൽഗാം: മത മുഖംമൂടിയണിഞ്ഞ രാഷ്ട്രീയ ഭീകരത



രാജ്യത്തെ ശിഥിലമാക്കുന്നതിനപ്പുറം മതസ്പർദ കൂടി ലക്ഷ്യമിട്ടുകൊണ്ടാണ് പഹൽഗാമിൽ നടന്ന ഭീകരാക്രമണം എന്നത് പകൽപോലെ വ്യക്തമാണ്. മത, രാഷ്ട്രീയ, കക്ഷി ഭേദമന്യെ രാജ്യം ഏകമനസ്സായി പ്രതികരിച്ചതോടെ വെട്ടിലകപ്പെട്ടിരിക്കുകയാണ് അക്രമികൾ.

**ഹാറൂത്തും മാറൂത്തും**

**സാമുദായിക ധ്രുവീകരണ ശ്രമങ്ങളെ തടയുക**

**ഇഖ്‌വാനികൾ അഹ്‌ലുസ്സുന്നയുമായി വേർപിരിയുന്നതെവിടെ?**

SCHOOL OF
Qur'an



# ഈ യാത്രയിൽ
## നിങ്ങളുടെ കുട്ടിക്കുമുണ്ട്
# അവസരം

**ADMISSION TICKET** | Register now

FROM:
PRE
SCHOOL
Admissions are open for
**Grades 1, 2, & 3**

TO:
G5
GRADE-5
ADMISSION
GOING ON

Classes will run on
**Sundays & Public holidays**

www.schoolofquran.in
mail@schoolofquran.in

2025-26
**ADMISSION**
**GOING ON**

✓ Admissions are open for
**Pre, Grades 1,2 & 3**

✓ Classes will run on
**Sundays & public holidays**

For more details
+91 86067 88882
+91 90726 46000

432
# നേർപഥം
വാരിക

2025 മെയ് 03
1446 ദുൽഖഅദ് 05
പുസ്തകം 09 / ലക്കം 18



Managing Editor:
**Nasir Balusseri**

Editor:
**Usman Palakkazhi**

Chief Editor:
**Anil Primrose**

Cover:
**Anil**

Design & Layout:
**Musthafa Mannarottil**

Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**

Printed at :
**Sprint Offset Printers, Kozhikode**

Published at :
**Kozhikode - 673 002**








സുഫ്‌യാൻ അബ്ദുസ്സലാം

രാജ്യത്തെ ശിഥിലമാക്കുന്നതിനപ്പുറം മതസ്പർദ കൂടി ലക്ഷ്യമിട്ടുകൊണ്ടാണ് പഹൽഗാമിൽ നടന്ന ഭീകരാക്രമണം എന്നത് പകൽപോലെ വ്യക്തമാണ്. മത, രാഷ്ട്രീയ, കക്ഷി ഭേദമന്യെ രാജ്യം ഏകമനസ്സായി പ്രതികരിച്ചതോടെ വെട്ടിലകപ്പെട്ടിരിക്കുകയാണ് അക്രമികൾ.


**05** മുഖമൊഴി
സാമുദായിക ധ്രുവീകരണ ശ്രമങ്ങളെ തടയുക

**06** പഠനം
നബി(സ്വ)യുടെ നമസ്കാരം; ഒരു സംക്ഷിപ്ത വിവരണം
വിവ: മുഹമ്മദ് സിയാദ് കണ്ണൂർ

**09** കവിത
പലരും അങ്ങനെയാണ്
നസീമ വാടാനപ്പള്ളി

**14** നമുക്കുചുറ്റും
സൂംബാ ഡാൻസ് സ്കൂളിലെത്തുമ്പോൾ?
ടി.കെ അശ്റഫ്

**16** കർമപഥം
വകാലത്ത് അഥവാ ചുമതലയേൽപിക്കൽ
അബൂ അമീൻ ആലുവ

**18** വിമർശനം
ഇഖ്‌വാനികൾ അഹ്‌ലുസ്സുന്നയുമായി വേർപിരിയുന്നതെവിടെ?
അക്ബർഷ അൽഹികമി

**24** അനുസ്മരണം
ഡോ.പി.അബൂബക്കർ: വിട പറഞ്ഞ മഹാ പ്രതിഭ

**26** ലേഖനം
ഹാറൂത്തും മാറൂത്തും
അൻവർ അബൂബക്കർ

**31** ക്വുർആൻ ദർശനം -തഫ്സീറുസ്സഅദി
സൂറതുലുക്വ്മാൻ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**34** കാഴ്ച
ഒന്ന് എഴുതി നോക്കൂന്നേ...
സലാം സുറുമ എടത്തനാട്ടുകര



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# വഖ്ഫ് നിയമം: വിസ്ഡം യൂത്ത് ധൈഷണിക സമ്മേളനം പ്രോജ്വലമായി

വഖ്ഫ് സ്വത്തുക്കൾക്കു മേൽ അന്യായമായ അവകാശവാദം സ്ഥാപിക്കാൻ അവസരം നൽകുന്ന പുതിയ വഖ്ഫ് ഭേദഗതി നിയമത്തിനെതിരെ കണ്ണൂരിൽ വിസ്ഡം യൂത്ത് ഇസ്‌ലാമിക് ഓർഗനൈസേഷൻ സംഘടിപ്പിച്ച ധൈഷണിക സംവാദത്തിന് ഉജ്വല സമാപനം. കിടയറ്റ വിഷയാവതരണങ്ങളും അവകാശാതോർക്കാൻ എത്തിച്ചേർന്ന നിറഞ്ഞ സദസ്സും അക്ഷരാർഥത്തിൽ പരിപാടിയെ ഒരു വൈജ്ഞാനിക വിരുന്നാക്കി മാറ്റി.

ബ്രീട്ടീഷുകാർ വഖ്ഫ് നിരോധിച്ചതിന്റെയും അതിനെതിരെയുള്ള സമരത്തിൽ അടിയറവ് പറഞ്ഞ് 1913ൽ പുനഃസ്ഥാപിച്ചതിന്റെയുമൊക്കെ ചരിത്രാവതരണം നടത്തിയത് പുതിയ സമരത്തിന് ആവേശം നൽകുന്നതായി.

ഇന്ത്യയിൽ നിലനിന്നിരുന്ന വഖ്ഫ് സംരക്ഷണ നിയമങ്ങൾ, ഭരണഘടന ന്യൂനപക്ഷങ്ങൾക്ക് വക വച്ച് നൽകുന്ന അവകാശങ്ങൾ, വഖ്ഫ് സംരക്ഷണത്തിന് മുൻകാല ഗവൺമെന്റുകൾ സ്വീകരിച്ച നടപടികൾ തുടങ്ങിയവ വിശദമായി പ്രതിപാദിക്കപ്പെട്ടു.

കേവലമൊരു മുസ്‌ലിം പ്രശ്നമാക്കിച്ചുരുക്കി വൈകാരികതയ്ക്ക് തിരികൊളുത്തുന്നതിന് പകരം ന്യൂനപക്ഷങ്ങൾക്ക് ഭരണഘടന വകവച്ചു നൽകിയ അവകാശങ്ങളെ പടിപടിയായി ഇല്ലാതാക്കുന്നതിന്റെ ഭാഗമാണ് പുതിയ വഖ്ഫ് നിയമമെന്ന് നാം തിരിച്ചറിയണം. ഫാഷിസ്റ്റുകൾ ആഗ്രഹിക്കുന്ന തരത്തിലേക്ക് ഈ ചർച്ച വഴിമാറാൻ നാം അനുവദിക്കരുത്. സമാനമനസ്കരായ മുഴുവൻ മതനിരപേക്ഷ കക്ഷികളുടെയും പിന്തുണയോടെ ഇതിനെതിരെ കർമരംഗത്തിറങ്ങണമെന്ന് ധൈഷണിക സംവാദം ആഹ്വാനം ചെയ്തു. പാർലമെന്റിൽ മറ്റു മതസ്ഥരായ എം.പിമാർ പോലും ഈ ദുരുദ്ദേശ്യപരമായ നിയമ നിർമാണത്തിനെതിരേ പൊരുതിയത് ഫാഷിസ്റ്റുകളുടെ ഉറക്കം കെടുത്തിയിട്ടുണ്ടന്ന് സമ്മേളനം വിലയിരുത്തി.

അഷ്‌റഫ് വടക്കുമ്പാട് ആധ്യക്ഷ്യം വഹിച്ചു. സുഫ്‌യാൻ അബ്ദുസ്സലാം, റിജിൽ മാക്കുറ്റി, അബ്ദുൽ മാലിക് സലഫി, മുജീബ് ഒട്ടുമ്മൽ, സി.പി. സലീം, താജുദ്ദീൻ സ്വലാഹി, നിഷാദ് സലഫി, ജംഷീർ സ്വലാഹി, ഷബീർ കൂത്തുപറമ്പ്, ടി.കെ ഉബൈദ്, റാഷിദ് സ്വലാഹി തുടങ്ങിയവർ സംബന്ധിച്ചു.

# സാമുദായിക ധ്രുവീകരണ ശ്രമങ്ങളെ തടയുക

കാലം മുന്നോട്ട് പോകുന്തോറും മനുഷ്യൻ ശാസ്ത്ര-സാങ്കേതിക രംഗങ്ങളിൽ വൻ കുതിച്ചുചാട്ടം നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ കുതിപ്പിനിടയിൽ മാനവികതയുടെ കാര്യത്തിൽ മനുഷ്യർ കിതയ്ക്കുകയാണെന്നത് അനുഭവ യാഥാർഥ്യമാണ്. പല രാഷ്ട്രങ്ങൾ തമ്മിലും നിരന്തരം അതിർത്തി തർക്കങ്ങളിലാണ്. പലതും പരസ്പരം ആണവായുധം കാട്ടി ഭീഷണിപ്പെടുത്തുന്നു. അധിനിവേശത്തിന് പഴുതുകൾ തേടിക്കൊണ്ടിരിക്കുന്നു. ഉപരോധങ്ങൾ ഏർപെടുത്തുന്നു...

ഇന്ത്യയിലേക്ക് വരിക. ഇവിടെ സ്വന്തം മതത്തിൽ അടിയുറച്ച് നിന്നിരുന്ന വ്യത്യസ്ത മതവിശ്വാസികൾ കഴിഞ്ഞിരുന്നത് പരസ്പര സ്നേഹത്തോടെയും ബഹുമാനത്തോടെയുമായിരുന്നു. എന്നാൽ ആ അവസ്ഥയിൽ ഭീമമായ മാറ്റം സംഭവിച്ചിട്ടുണ്ട്. മാറ്റം ഉണ്ടാക്കുവാൻ ചില ശക്തികൾ ആത്മാർഥമായി ശ്രമിച്ചുകൊണ്ടിരിക്കുന്നു എന്നത് കാണാതിരിക്കാനാവില്ല.

കാശ്മീരിലെ പഹൽഗാമിലുണ്ടായ ഭീകരാക്രമണത്തെ ഇന്ത്യയിൽ നിലനിൽക്കുന്ന വർഗീയ ചേരിതിരിവിന്റെ വ്യാപ്തി വർധിപ്പിക്കുവാനുള്ള മരുന്നായി സംഘപരിവാറുകാർ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അക്രമികളുടെ ലക്ഷ്യവും അതുതന്നെയായിരുന്നു. 'കലിമ' ചൊല്ലാൻ ആവശ്യപ്പെട്ടുകൊണ്ടാണ് അതിന് സാധിക്കാത്തവരുടെ മതം തിരിച്ചറിഞ്ഞ് കൊന്നത് എന്ന് വ്യാപകമായി പ്രചരിപ്പിക്കുന്നവർ, വർഷങ്ങളായി ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ 'ജയ് ശ്രീറാം' എന്നു വിളിക്കാൻ നിർബന്ധിക്കുന്നതും അതിനു തയ്യാറില്ലാത്തവരെ അതിക്രൂരമായി തല്ലിച്ചതക്കുന്നതും പലരും കൊല്ലപ്പെട്ടതും അറിയാത്തവരൊന്നുമല്ല. 'കലിമ' ചൊല്ലാൻ പറഞ്ഞത് വാർത്തയാക്കുന്ന മാധ്യമങ്ങൾക്കൊന്നും 'ജയ് ശ്രീറാം' വിളിക്കാൻ നിർബന്ധിച്ച് മർദിക്കുന്ന സംഭവങ്ങൾ വാർത്താപ്രാധാന്യമുള്ള കാര്യമേ അല്ല. തോക്കുചൂണ്ടി കലിമ ചൊല്ലിക്കുന്നതും ജയ്ശ്രീറാം വിളിപ്പിക്കുന്നതും ഒരേ നാണയത്തിൻെറ രണ്ടുവശങ്ങളാണ്.

1893 സെപ്റ്റംബർ 13ന് ചിക്കാഗോയിൽ വെച്ചു നടന്ന ലോക മത മഹാസമ്മേളനത്തിൽവച്ച് സ്വാമി വിവേകാനന്ദൻ നടത്തിയ പ്രസംഗത്തിൽ അക്കാലത്ത് ലോകത്ത് നിലനിന്നിരുന്ന മതത്തിന്റെ പേരിലുള്ള അകൽച്ചയുടെ ആഴം വ്യക്തമാക്കുന്നുണ്ട്. അദ്ദേഹം പറഞ്ഞു: "വിഭാഗീയ സ്പർധയും അതിന്റെ ഭീകര സന്തതിയായ മതഭ്രാന്തും ഏറെക്കാലമായി ഈ മനോഹരമായ ഭൂമിയെ ദുർഭൂതമായി ആവേശിച്ചിരിക്കുന്നു. അത് അക്രമം അഴിച്ചുവിടുകയും മനുഷ്യരക്തം കൊണ്ട് ഈ മണ്ണിനെ മലിനമാക്കുകയും സംസ്കാരകേദാരങ്ങളെ നശിപ്പിക്കുകയും എല്ലാ രാഷ്ട്രങ്ങളെയും നൈരാശ്യത്തിലാഴ്ത്തുകയും ചെയ്തിരിക്കുന്നു. പക്ഷേ, അതിന്റെ അന്ത്യം അടുത്തിരിക്കുന്നു. വിവിധ മതപ്രതിനിധികളുടെ ബഹുമാനാർഥം ഇവിടെ ഈ പാർലമെന്റിൽ ഇന്ന് പ്രഭാതത്തിൽ മുഴക്കിയ മണിനാദം മതഭ്രാന്തിന്റെ മരണമണിയുടെ മുഴക്കമാണ് (കരഘോഷം). എതിരഭിപ്രായങ്ങളുടെ നേരെ വാളോങ്ങുന്ന സമ്പ്രദായത്തിന്റെ മരണമണിയാണത്" (മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2000 ഡിസംബർ 10).

മതങ്ങൾ വാസ്തവത്തിൽ മതഭ്രാന്തരാകുവാൻ പ്രേരിപ്പിക്കുന്നില്ല. എന്നാൽ മതങ്ങളെ അധികാരത്തിലേക്കുള്ള ചവിട്ടുപടിയായി കാണുന്നവരാണ് മതത്തെ വിദ്വേഷം പടർത്തുവാനുള്ള ആയുധമാക്കുന്നതും വിവേകശൂന്യരെ സൃഷ്ടിച്ച് തെരുവിലിറക്കി ചോരക്കളി കളിക്കുന്നതും.

ഇതര മതസ്ഥരെ സംശയത്തോടെയും ഭയപ്പാടോടെയും കാണുന്ന സ്ഥിതിവിശേഷം ഒരു ബഹുമത സമൂഹത്തിൽ സൃഷ്ടിക്കുന്ന അപകടത്തിന്റെ ആഴം ചെറുതല്ല. ഭയപ്പാട് വളർത്തി സാമുദായിക ധ്രുവീകരണത്തിന് ആക്കംകൂട്ടുന്ന പ്രവണതയാണ് നാമിന്ന് കാണ്ടുകൊണ്ടിരിക്കുന്നത്. ഈ ഇരുട്ടിന്റെ ശക്തികളെ ചങ്ങലയ്ക്കിടുവാൻ സാധിച്ചില്ലെങ്കിൽ നമ്മുടെ നാട് അതിവേഗം നാശത്തിലേക്ക് കൂപ്പുകുത്തുമെന്നതിൽ സംശയമില്ല. ■

ശൈഖ് നാസ്വിറുദ്ദീൻ അൽഅൽബാനി(റഹി)
വിവ: മുഹമ്മദ് സിയാദ് കണ്ണൂർ



# നബി(സ്വ)യുടെ നമസ്കാരം; ഒരു സംക്ഷിപ്ത വിവരണം 03

**മഅ്മൂമിന്റെ പാരായണം**

54. പതുക്കെയോതുന്ന നമസ്കാരങ്ങളിൽ, ഇമാമിന് പിന്നിൽ നമസ്കരിക്കുന്നവൻ ഫാതിഹ ഓതൽ നിർബന്ധമാണ്. ഉറക്കെയോതുന്ന നമസ്കാരങ്ങളിൽ, ഇമാം ഓതുന്നത് അവൻ കേൾക്കുന്നില്ലെങ്കിൽ, അതല്ലെങ്കിൽ മഅ്മൂമിന് ഓതാൻ വേണ്ടി ഇമാം സ്വന്തം പാരായണത്തിനുശേഷം മൗനമായി നിൽക്കുകയാണെങ്കിൽ അവൻ അത് ഓതേണ്ടതാണ്. എന്നാൽ, ഈ മൗനമായി നിൽക്കൽ സുന്നത്തിൽ സ്ഥിരപ്പെട്ടിട്ടില്ല എന്നാണ് നമ്മുടെ അഭിപ്രായം.(10)

**ഫാതിഹക്ക് ശേഷമുള്ള പാരായണം**

55. ആദ്യത്തെ രണ്ട് റക്അത്തുകളിൽ ഫാതിഹക്ക് ശേഷം മറ്റൊ

രു സൂറത്തോ അല്ലെങ്കിൽ കുറച്ച് സൂക്തങ്ങളോ ഓതുന്നത് നബിചര്യയാണ് - അത് മയ്യിത്ത് നമസ്കാരത്തിലാണെങ്കിലും.

56. അതിനുശേഷമുള്ള പാരായണം നബി(സ) ചിലപ്പോൾ ദീർഘിപ്പിക്കും. മറ്റുചിലപ്പോൾ, യാത്രയോ ചുമയോ അസുഖമോ കുഞ്ഞിന്റെ കരച്ചിലോ കാരണമായി അത് ചുരുക്കുകയും ചെയ്യും.

57. വ്യത്യസ്ത നമസ്കാരങ്ങൾക്കനുസരിച്ച് പാരായണവും വ്യത്യാസപ്പെട്ടിരുന്നു. പ്രഭാതനമസ്കാരത്തിലെ പാരായണം അഞ്ച് നമസ്കാരങ്ങളിൽ വെച്ച് ഏറ്റവും ദൈർഘ്യമേറിയതായിരുന്നു. പിന്നെ ദ്വുഹ്ർ, പിന്നെ അസ്വ്റും ഇശാഉം; പിന്നെ മഗ്രിബ്.

58. ഇവയെല്ലാറ്റിനെക്കാളും ദൈർഘ്യമുള്ളതായിരുന്നു രാത്രി നമസ്കാരത്തിലെ (തഹജ്ജുദിലെ) പാരായണം.

59. ഒന്നാമത്തെ റക്അത്തിലെ പാരായണം രണ്ടാമത്തേതിനെക്കാൾ ദീർഘിപ്പിക്കലാണ് നബിചര്യ.

60. അവസാന രണ്ട് റക്അത്തുകളിലെ പാരായണം ആദ്യരണ്ട് റക്അത്തിനെക്കാൾ ചുരുക്കലും പകുതിയോളമാക്കലും (നബിചര്യയാണ്).[11]

**എല്ലാ റക്അത്തിലും ഫാതിഹ ഓതൽ**

61 എല്ലാ റക്അത്തിലും ഫാതിഹ ഓതൽ നിർബന്ധമാണ്

62. ചിലപ്പോൾ, അവസാന രണ്ട് റക്അത്തുകളിലും അതോടൊപ്പം വല്ലതും കൂടുതലായി ഓതുന്നത് നബിചര്യയിൽപെട്ടതാണ്.

63. നബിചര്യയിൽ വന്നതിനെക്കാളധികം ഇമാമിന് പാരായണം നീട്ടാവതല്ല. അങ്ങനെ ചെയ്യുന്നതുമൂലം പിന്നിൽ നമസ്കരിക്കുന്ന പ്രായാധിക്യമുള്ളവർക്കും രോഗികൾക്കും മുലയൂട്ടേണ്ട സ്ത്രീകൾക്കും മറ്റാവശ്യങ്ങളുള്ളവർക്കും ബുദ്ധിമുട്ട് നേരിടും.

**ഉറക്കെയും പതുക്കെയുമുള്ള പാരായണം**

64. സ്വുബ്ഹി നമസ്കാരം, ജുമുഅ നമസ്കാരം, രണ്ട് പെരുന്നാൾ നമസ്കാരങ്ങൾ, മഴക്കുവേണ്ടിയുള്ള നമസ്കാരം, ഗ്രഹണ നമസ്കാരം, മഗ്രിബിന്റെയും ഇശാഇന്റെയും ആദ്യത്തെ രണ്ട് റക്അത്തുകൾ എന്നിവയിൽ ഉറക്കെ ഓതണം. ദ്വുഹ്ർ, അസ്വ്ർ നമസ്കാരങ്ങളിലും മഗ്രിബ് നമസ്കാരത്തിന്റെ മൂന്നാമത്തെ റക്അത്തിലും ഇശാഅ് നമസ്കാരത്തിന്റെ അവസാന രണ്ട് റക്അത്തുകളിലും പതുക്കെ ഓതണം.

65. പതുക്കെയോതുന്ന നമസ്കാരങ്ങളിൽ, ചിലപ്പോൾ ജനങ്ങളെ കേൾപ്പിക്കുന്നതിനുവേണ്ടി ഒരായത്ത് ശബ്ദമുയർത്തി ഓതുന്നത് അനുവദനീയമാണ്.

66. എന്നാൽ വിത്ർ നമസ്കാരത്തിലും രാത്രി നമസ്കാരത്തിലും ചിലപ്പോൾ പതുക്കെയും മറ്റുചിലപ്പോൾ ഉറക്കെയും ഓതാവുന്നതാണ്. എന്നാൽ ശബ്ദമുയർത്തുന്നത് ഒരു മധ്യനിലയിലായിരിക്കണം (അധികം ഉറക്കെയും തീരെ പതുക്കെയുമല്ലാത്ത നിലയിൽ).

**ക്വുർആൻ 'തർത്തീലോ'ടുകൂടി ഓതൽ**

67. മത്സരിക്കുകയോ ധൃതിപ്പെടുകയോ ചെയ്യാതെ, സാവകാശം ഓതലാണ് നബിചര്യ. ഓരോ അക്ഷരവും വ്യക്തമായി മനസ്സിലാകുന്ന രൂപത്തിലായിരിക്കണം ഓതുന്നത്. തന്റെ ശബ്ദംകൊണ്ട് ക്വുർആനെ അലങ്കരിക്കുകയും പണ്ഡിതന്മാർക്കിടയിൽ അറിയപ്പെടുന്ന തജ്‌വീദിന്റെ നിയമങ്ങളനുസ രിച്ച് ഭംഗിയായി ഓതുകയും ചെയ്യണം. നൂതനമായ താളമൊപ്പിച്ചുകൊണ്ടുള്ള രീതിയിലും രാഗാത്മകമായും ഓതാവതല്ല.

**ഇമാമിനെ തിരുത്തൽ**

68. ഇമാമിന് പാരായണത്തിൽ അവ്യക്തതയുണ്ടാകുമ്പോൾ പിന്നിൽ നമസ്കരിക്കുന്നവർ അത് തിരുത്തിക്കൊടുക്കേണ്ടതാണ്.

**റുകൂഅ്**

69. ക്വുർആൻ പാരായണം പൂർത്തിയായാൽ അൽപസമയം മൗനമായി നിൽക്കണം -ശ്വാസോഛ്വാസം നേരെയാകാൻ എടുക്കുന്നത്ര സമയം.

70. ശേഷം, മുമ്പ് വിവരിച്ച (33,34,35) രീതിയിൽ തക്ബീറത്തുൽ ഇഹ്റാമിൽ ചെയ്തതുപോലെ കൈകളുയർത്തണം

71. തക്ബീർ ചൊല്ലുകയും ചെയ്യുക; അത് വാജിബാണ്.

72. ശേഷം എല്ലാ അസ്ഥികളും അതിന്റേതായ സ്ഥാനത്ത് വരുന്നതുവരെ അടങ്ങിനിന്നുകൊണ്ട് റുകൂഅ് ചെയ്യണം;

അത് റുക്നാണ്.

**റുകൂഇന്റെ രൂപം**

73. തന്റെ ഇരുകൈകളും കാൽമുട്ടുകളിൽ ഉറപ്പിച്ചുവെക്കണം; കൈവിരലുകൾകൊണ്ട് കാൽമുട്ടുകൾ കൂട്ടിപ്പിടിക്കുന്നതുപോലെ. അവ വിടർത്തിവെക്കുകയും വേണം. ഇവയെല്ലാം വാജിബാണ്.

74. മുതുക് പരത്തിവെക്കുകയും അത് നേരെയാക്കുകയും ചെയ്യണം. എത്രത്തോളമെന്നാൽ, അതിന്മേൽ വെള്ളം ഒഴിച്ചാൽ, (ആ വെള്ളം ഒഴുകിപ്പോകാതെ) അവിടെത്തന്നെ നിൽക്കുന്ന വിധം.

75. തല താഴ്ത്തുകയോ (മുതുകിനെക്കാൾ ഉയരത്തിൽ) പൊക്കിപ്പിടിക്കുകയോ ചെയ്യുകയല്ല; മുതുകിന് സമാനമാക്കുകയാണ് വേണ്ടത്.

76. കൈമുട്ടുകൾ പാർശ്വങ്ങളിൽനിന്നും അകറ്റിനിർത്തണം.

77. റുകൂഇൽ മൂന്ന് പ്രാവശ്യമോ അതിലധികമോ[12] ഇങ്ങനെ പറയണം:

سُبْحَانَ رَبِّيَ الْعَظِيم "മഹാനായ എന്റെ രക്ഷിതാവ് പരിശുദ്ധൻ."

**റുക്നുകൾ തുല്യദൈർഘ്യമുള്ളതാക്കൽ**

78. റുക്നുകൾ തുല്യദൈർഘ്യമുള്ളതാക്കൽ നബിചര്യയിൽപെട്ടതാണ്. അതിനാൽ, റുകൂഉം റുകൂഇന് ശേഷമുള്ള നിറുത്തവും സുജൂദും രണ്ട് സുജൂദുകൾക്കിടയിലുള്ള ഇരുത്തവും ഏകദേശം തുല്യദൈർഘ്യമുള്ളതാക്കണം.

79. റുകൂഇലും സുജൂദിലും ക്വുർആൻ ഓതാൻ പാടുള്ളതല്ല.

**റുകൂഇൽ നിന്നും നിവർന്ന് നിൽക്കൽ**

80. ശേഷം റുകൂഇൽനിന്നും മുതുക് ഉയർത്തി നേരെ നിവർന്നു നിൽക്കണം. ഇത് ഒരു റുക്നാണ്.

81. നേരെ നിവർന്നു നിൽക്കുന്ന അവസരത്തിൽ ഇങ്ങനെ പറയണം:

سَمِعَ اللهُ لِمَنْ حَمِدَهُ "അല്ലാഹുവിനെ സ്തുതിച്ചവന്റെ സ്തുതി അവൻ കേട്ടു." ഇത് വാജിബാണ്.

82. നേരെ നിവർന്നു നിൽക്കുമ്പോൾ (ഇഅ്തിദാലിൽ) നേരത്തെ വിവരിച്ചതുപോലെ (33,34,35) കൈകളുയർത്തണം.

83. ശേഷം, എല്ലാ അസ്ഥികളും പൂർവസ്ഥിതിയിലേക്ക് വരുന്ന വിധം നേരെ നിവർന്ന് അടങ്ങി നിൽക്കണം.

84. ഈ നിറുത്തത്തിൽ ഇങ്ങനെ പറയണം:

رَبَّنَا وَلَكَ الْحَمْدُ "ഞങ്ങളുടെ രക്ഷിതാവേ! സർവസ്തുതിയും നിനക്കത്രെ."[13]

നമസ്കരിക്കുന്ന എല്ലാവർക്കും ഇത് നിർബന്ധമാണ്; ഇമാമിന് പിന്നിൽ നമസ്കരിക്കുന്നവനായാലും.[14] കാരണം, അത് ഈ നിറുത്തത്തിൽ പറയാൻ വേണ്ടിയുള്ളതാണ്. എന്നാൽ سَمِعَ اللهُ لِمَنْ حَمِدَهُ എന്നത് റുകൂഇൽനിന്നും നിവരുമ്പോൾ പറയാനുള്ളതാണ്.

85. മുമ്പ് പറഞ്ഞതുപോലെ, ഈ നിറുത്തവും റുകൂഉം തുല്യദൈർഘ്യമുള്ളതാക്കേണ്ടതാണ്.

86. ശേഷം اللهُ أَكْبَرُ "അല്ലാഹുവാണ് ഏറ്റവും വലിയവൻ" എന്ന് പറയണം. ഇത് വാജിബാണ്.

87. ചിലപ്പോൾ, കൈകൾ ഉയർത്തുകയും ചെയ്യാം.

**സുജൂദ്**

88. പിന്നീട്, കാൽമുട്ടുകൾക്ക് മുമ്പായി കൈകൾ നിലത്തുവെച്ചുകൊണ്ട് സുജൂദിലേക്ക് പോകണം. ഇതാണ് അല്ലാഹുവിന്റെ ദൂതൻ(സ്വ) കൽപിച്ചത്. ഇതുതന്നെയാണ് അവിടുത്തെ പ്രവൃത്തിയിലൂടെ സ്ഥിരപ്പെട്ടതും. ഒട്ടകം മുട്ട് കുത്തുന്ന രൂപത്തിൽ മുട്ട് കുത്തുന്നതിനെ അവിടുന്ന് വിരോധിക്കുകയും ചെയ്തു. ഒട്ടകമാകട്ടെ, അതിന്റെ കാൽമുട്ടുകളാണ് - അത് അതിന്റെ മുൻകാലുകളിലാണുള്ളത്- ആദ്യം വെക്കുന്നത്.

89. സുജൂദ് ചെയ്യുമ്പോൾ-അത് ഒരു റുക്നാണ്-ഉള്ളം കൈകൾ നിലത്തു വെക്കണം. അവ രണ്ടും നിവർത്തിവെക്കുകയും വേണം.

90. കൈവിരലുകൾ ചേർത്തുപിടിക്കുകയും ചെയ്യണം.

91. അവ ക്വിബ്‌ലക്ക് അഭിമുഖമായി വെക്കണം.

92. അവയെ (കൈപ്പത്തികളെ) ചുമലിനുനേരെ ആക്കുകയും വേണം.

93. ചിലപ്പോൾ ചെവികൾക്ക് നേരെയും ആക്കാം.

94. കൈമുട്ടുകൾ തറയിൽനിന്നും ഉയർത്തിവെക്കണം. ഇത് വാജിബാണ്. നായ കൈകൾ പരത്തിവെക്കുന്നതുപോലെ പരത്തിവെക്കാവതല്ല.

95. മൂക്കും നെറ്റിയും നിലത്ത് ഉറപ്പിച്ച് വെക്കണം. ഇത് ഒരു റുക്നാണ്.

96. കാൽമുട്ടുകളും ഉറപ്പിച്ച് നിറുത്തണം.

97. അപ്രകാരംതന്നെ കാൽ വിരൽത്തലപ്പുകളും.

98. അവ കുത്തിനിർത്തുകയും വേണം. ഇവയെല്ലാം വാജിബാണ്.

99. കാൽവിരലുകളുടെ അറ്റങ്ങൾ കിബ്‌ലക്ക് അഭിമുഖമാക്കിവെക്കണം.

100. മടമ്പുകൾ ചേർത്തുവെക്കുകയും വേണം.

__*കുറിപ്പുകൾ:*__

*(10) ഞാൻ (അൽബാനി) പറയുന്നു: 'അതിനെ അനുകൂലിക്കുന്നവർ ഉപയോഗിക്കുന്ന തെളിവുകളും അതിനുള്ള മറുപടിയും ഞാൻ സിൽസിലതുൽ അഹാദീസുള്ളഈഫയിൽ (ന: 546, 547) വിശദീകരിച്ചിട്ടുണ്ട്.*

*(11) ഇതിന്റെ വിശദരൂപം നിങ്ങൾ ഉദ്ദേശിക്കുന്നുവെങ്കിൽ 'നബി(സ്വ)യുടെ നമസ്കാരം' (പേജ് 118-137; മലയാള പരിഭാഷ) കാണുക.*

*(12) ഈ റുക്നിൽ വേറെയും പ്രാർഥനകളുണ്ട്. അവയിൽ, നീണ്ടതും മധ്യമനിലയിലുള്ളതും ചെറുതും ഉണ്ട്. 'നബി(സ്വ)യുടെ നമസ്കാരം' (പേജ് 144-146; മലയാള പരിഭാഷ) പരിശോധിക്കുക.*

*(13) ഇവിടെയും ചൊല്ലാവുന്ന വേറെ പ്രാർഥനകളുണ്ട്. 'നബി(സ്വ)യുടെ നമസ്കാരം' (പേജ് 148-152; മലയാള പരിഭാഷ) പരിശോധിക്കുക.*

*(14) ഒരു റിപ്പോർട്ടിലും വന്നിട്ടില്ലാത്തതു കാരണം, ഈ നിറുത്തത്തിൽ കൈകെട്ടാൻ പാടില്ല. കൂടുതൽ വിശദമായ ചർച്ചക്ക് 'നബി(സ്വ)യുടെ നമസ്കാരം' (പേജ് 153; മലയാള പരിഭാഷ) കാണുക.*



നസീമ വാടാനപ്പള്ളി



# പലരും അങ്ങനെയാണ്

പലരും അങ്ങനെയാണ്;
വാക്കുകൊണ്ടൊരു കുത്തേറ്റാൽ പോലും
മറിഞ്ഞു വീഴുന്നവർ...
ചിന്തിക്കുക പോലും ചെയ്യാത്ത
തെറ്റിന്റെ പേരിലുള്ള
ആരോപണങ്ങളിൽ  പകച്ചു നിൽക്കുന്നവർ...
വ്യാജാരോപങ്ങൾ ഹൃദയത്തിൽ
തുളച്ചു കയറുമ്പോൾ
എല്ലാം അവസാനിപ്പിച്ചാലോ എന്ന്
ചിന്തിക്കുന്നവർ...
വഞ്ചനയുടെ നീരാളിക്കൈകൾ
വലിഞ്ഞു മുറുകവെ
സഹിക്കവയ്യാതെ ജീവിതത്തിൽനിന്ന്
ഒളിച്ചോടിയ ദുർബല വിശ്വാസികൾ...
നീ...
ഇവരിലൊരാളാകരുത്!
അറിയണം നീ;
നിന്റെ യഥാർഥ വിചാരണ നടക്കുക
വിചാരണ നാളിലാണ്;
പടച്ചവന്റെ കോടതിയിൽ.
അവിടെ അപമാനിക്കപ്പെടാതിരിക്കാൻ
ഇവിടെ ജീവിതം നന്നാക്കുക.
പടപ്പുകളുടെ വിചാരണയിൽ
സ്വയം ഉരുകി നശിക്കുന്നവർ
വിഡ്ഢികളാണ്.

സുഫ്‌യാൻ അബ്ദുസ്സലാം
: 81296 17676



# പഹൽഗാം: മത മുഖംമൂടിയണിഞ്ഞ രാഷ്ട്രീയ ഭീകരത

പഹൽഗാമിൽ 28 വിനോദസഞ്ചാരികൾ ദാരുണമായി കൊല്ലപ്പെട്ട സംഭവം ഇന്ത്യൻ ജനതയെ ഏറെ വേദനിപ്പിച്ചിരിക്കുകയാണ്. രാജ്യത്തെ അസ്ഥിരപ്പെടുത്തുവാനും മതസ്പർദ വളർത്തുവാനും ലക്ഷ്യം വച്ചുകൊണ്ടുള്ള ഭീകരാക്രമണമാണ് അവിടെ ഉണ്ടായിരിക്കുന്നത്. ഇന്ത്യൻ ജനതയെ ഭിന്നിപ്പിക്കാ മെന്നും അതുവഴി രാജ്യത്തെ അസ്ഥിരപ്പെടുത്താമെന്നുമെല്ലാമാണ് ആക്രമണം ആസൂത്രണം ചെയ്തിട്ടുള്ള ഭീകര ബുദ്ധികേന്ദ്രങ്ങൾ കരുതുന്നത്. എന്നാൽ ആക്രമണത്തിന് ശേഷം കേന്ദ്രസർക്കാറും പ്രതിപ ക്ഷവും രാജ്യത്തെ വിവിധ രാഷ്ട്രീയ സംഘടനകളും മതവിഭാഗങ്ങളും ഒറ്റക്കെട്ടായി ഭീകരതക്കെതിരെ അണിനിരന്നിരിക്കുകയാണ്. അസ്വസ്ഥതകൾ ജനിപ്പിച്ച് ഇന്ത്യയെ അസ്ഥിരപ്പെടുത്താമെന്ന് മനക്കോട്ട കെട്ടുന്നവർക്കുള്ള അതിശക്തമായ തിരിച്ചടിയാണ് രാജ്യം ഒറ്റക്കെട്ടായി നൽകിയിട്ടുള്ളത്.

സ്വാതന്ത്ര്യത്തിനും വിഭജനത്തിനും ശേഷം ഇന്ത്യ ഒട്ടനവധി ഭീഷണി

> രാജ്യത്തെ ശിഥിലമാക്കുന്നതിനപ്പുറം മതസ്പർദ കൂടി ലക്ഷ്യമിട്ടുകൊണ്ടാണ് പഹൽഗാമിൽ നടന്ന ഭീകരാക്രമണം എന്നത് പകൽപോലെ വ്യക്തമാണ്. മത, രാഷ്ട്രീയ, കക്ഷി ഭേദമന്യെ രാജ്യം ഏകമനസ്സായി പ്രതികരിച്ചതോടെ വെട്ടിലകപ്പെട്ടിരിക്കുകയാണ് അക്രമികൾ.

കൾ നേരിട്ടിട്ടുണ്ട്. ഭീകരാക്രമണങ്ങൾക്കും രാജ്യാതിർത്തി ഭേദിച്ചുകൊണ്ടുള്ള കടന്നുകയറ്റങ്ങൾക്കും നുഴഞ്ഞുകയറ്റങ്ങൾക്കും വിധേയമായിട്ടുണ്ട്. എന്നാൽ അതുകൊണ്ടൊന്നും രാജ്യത്തെ തകർക്കാൻ സാധിക്കില്ലെന്ന് മനസ്സിലാക്കിയ ശത്രുക്കൾ ഭിന്നിപ്പിക്കാനുള്ള പുതിയ രസതന്ത്രവും പരീക്ഷണശാലയും തയ്യാറാക്കു ന്നതിന്റെ ലക്ഷണമാണ് പഹൽഗാമിൽ കണ്ടത്.

### മതം ചോദിച്ചുള്ള ഭീകരത

മതത്തിന്റെ മുഖംമൂടിയണിഞ്ഞു വന്ന കാപാലികരുടെ താണ്ഡവമായിരുന്നു പഹൽഗാമിൽ നടന്നത് എന്നാണ് അവിടെനിന്നുള്ള മാധ്യമവാർത്തകളും ദൃക്സാക്ഷി വിവരണങ്ങളും നൽകുന്ന പ്രത്യക്ഷ വിവരങ്ങൾ സൂചിപ്പിക്കുന്നത്. ‘കലിമ’ ചൊല്ലാൻ ആവശ്യപ്പെടുകയും അതിന് സാധിക്കാത്തവർക്ക് നേരെ വെടിയുതിർക്കുകയും ചെയ്യുക എന്ന രീതിയാണ് പഹൽഗാമിൽ ഭീകരർ അവലംബിച്ചത്. ഇത് നൽകുന്ന സന്ദേശം വളരെ വ്യക്തമാണ്. ഇന്ത്യയിലെ ഭൂരിപക്ഷ ഹൈന്ദവർക്കിടയിൽ ഇസ്‌ലാമിനെ കുറിച്ചും മുസ്‌ലിംകളെ കുറിച്ചും അറപ്പും വെറുപ്പും സൃഷ്ടിക്കുകയും അവർക്കിടയിൽ ശത്രുതയുടെ വ്യാസം വർധിപ്പിക്കുകയും അങ്ങനെ ഇന്ത്യയിലെമ്പാടും അതിശക്തമായ കലാപങ്ങളും സംഘർഷങ്ങ ളും ഉണ്ടാക്കുക എന്നതാണ് ശത്രുവിന്റെ ലക്ഷ്യം.

### ഇസ്‌ലാമിനെ തെറ്റിദ്ധരിപ്പിക്കുന്ന ഭീകരർ

മനുഷ്യരെ കൊലപ്പെടുത്തുന്നത് മഹാപാപങ്ങളിൽ പെട്ടതാണെന്ന് പഠിപ്പിച്ച ദർശനമാണ് ഇസ്‌ലാം. ഒരു മനുഷ്യനെ കൊല്ലുന്നത് ലോകത്തുള്ള സകല മനുഷ്യരെയും കൊന്നൊടുക്കുന്നതിന് തുല്യമാണെന്നും ഒരാൾക്ക് ജീവിക്കാൻ അവസരം നൽകുന്നത് ലോകജനതക്ക് മുഴുവൻ ജീവിക്കാൻ അവസരം നൽകുന്നതിന് തുല്യമാണെന്നും പഠിപ്പിച്ച വിശുദ്ധ ഖുർആനിന്റെ (5:32) വക്താക്കൾക്ക് കൊലപാതകികളാവാൻ സാധിക്കില്ലെന്ന് പ്രത്യേകിച്ച് പറയേണ്ടതില്ല. അതുകൊണ്ടുതന്നെ ഇസ്‌ലാമിന്റെ പേരിൽ കൊലപാതകങ്ങൾ നടത്തുന്നവർ ഇസ്‌ലാമിന്റെ പാതയിൽനിന്നും തിരിച്ചുപോയവരാണെന്ന കാര്യത്തിൽ സംശയമില്ല. ഏത് മതമായിരുന്നാലും അത് സ്വീകരിക്കുന്നതും സ്വീകരിക്കാതിരിക്കുന്നതും ഓരോ വ്യക്തിയുടെയും സ്വാതന്ത്ര്യമാണെന്നാണ് ഖുർആൻ പറഞ്ഞിട്ടുള്ളത്. ‘വിശ്വസിക്കാൻ ഉദ്ദേശിക്കുന്നവൻ വിശ്വസിക്കട്ടെ, അവിശ്വസിക്കുവാൻ ഉദ്ദേശിക്കുന്നവർ അവിശ്വസിക്കട്ടെ’ (18:29), ‘മതത്തിൽ ബലാത്കാരമില്ല, അവിവേകത്തിൽനിന്നും വിവേകം വ്യക്തമാണ്’ (2:256) തുടങ്ങിയ വചനങ്ങൾ അക്കാര്യങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. ഭീഷണിയും പ്രലോഭനങ്ങളും പ്രകോപനങ്ങളും ഇസ്‌ലാം എന്ന, സമാധാനത്തിന്റെയും സമർപ്പണത്തിന്റെയും മതത്തിന് ഒട്ടും സ്വീകാര്യമല്ല.

### യുദ്ധരംഗത്ത് പോലും സമാധാനം

പട്ടാളക്കാർ പരസ്പരം നടത്തുന്ന വ്യവസ്ഥാപിത സംഘട്ടനമാണ് യുദ്ധം. അത്തരം ഘട്ടങ്ങളിൽ പോലും പാലിക്കേണ്ട മര്യാദകൾ പ്രവാചകനും അനുചരന്മാരും ലോകത്തോട് പറഞ്ഞിട്ടുണ്ട്. കരാർ ലംഘനം പാടില്ല, കുട്ടികൾ, വൃദ്ധർ, സ്ത്രീകൾ, രോഗികൾ എന്നിവരെ കൊല്ലരുത്, വൃക്ഷങ്ങൾ നശിപ്പിക്കരുത്, ധാന്യപ്പുരകളും വീടുകളും അഗ്നിക്കിരയാക്കരുത്, അന്യമത പുരോഹിതന്മാരെഅക്രമിക്കുകയോ മഠങ്ങളിലേക്ക് അതിക്രമിച്ചുകയറുകയോ ചെയ്യരുത് തുടങ്ങി യുദ്ധവേളകളിൽ പോലും പാലിക്കേണ്ട നിയമങ്ങൾ നൽകിയ മതമാണ് ഇസ്‌ലാം. അപ്പോൾ

ഭീരുക്കളായ ഏതാനും ഭീകരവാദികൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങളുടെ പേരിൽ സാധാരണക്കാരുടെ ജീവിതം ഹോമിക്കപ്പെടുന്ന അവസ്ഥകൾ ഉണ്ടാവാൻ പാടില്ല. അന്താരാഷ്ട്ര തലത്തിൽ നിലവിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ശ്രമമാണ് അനിവാര്യമായിട്ടുള്ളത്. വിവിധ രാജ്യങ്ങൾ തക്കം നോക്കി ഈ തർക്കത്തിൽ ഇടപെടുകയും അവരുടെതായ രാഷ്ട്രീയ താൽപര്യങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നതിനെ തിരിച്ചറിയാൻ ഉപഭൂഖണ്ഡത്തിലെ നേതാക്കൾക്ക് സാധിക്കേണ്ടതുണ്ട്.

യുദ്ധമല്ലാത്ത സന്ദർഭങ്ങളിൽ എത്രമാത്രം സൂക്ഷ്മത വേണം എന്ന കാര്യം ഊഹിക്കാവുന്നതേയുള്ളൂ.

### മതം രാഷ്ട്രീയ ചട്ടുകമാവരുത്

ഭരണം പിടിച്ചെടുക്കാനുള്ള ഉപകരണമായി മതത്തെ ദുരുപയോഗിക്കുന്നത് മൂലമാണ് ലോകത്ത് മതത്തിന്റെ പേരിൽ ഭീകരപ്രവർത്തനങ്ങൾ ഉണ്ടായിട്ടുള്ളത്. രാജ്യങ്ങൾ വെട്ടിപ്പിടിച്ച് അവിടെ ഇസ്‌ലാം സ്ഥാപിക്കണമെന്ന് ക്വുർആനോ പ്രവാചകനോ കൽപിച്ചിട്ടില്ല. ഒരു രാജ്യത്ത് ഇസ്‌ലാമികസമൂഹം വളർന്ന് പന്തലിക്കുമ്പോൾ അവിടങ്ങളിൽ സ്വാഭാവികമായും സംജാതമാവുന്ന ഭരണക്രമമാണ് ഇസ്‌ലാമികഭരണം. അമുസ്‌ലിംകളിൽ ഇസ്‌ലാമികനിയമങ്ങൾ അടിച്ചേൽപിക്കാൻ അനുവാദമില്ലെന്ന് മാത്രമല്ല, അത് നിരോധിക്കുകയും ചെയ്തിട്ടുണ്ട്. മുസ്‌ലിമല്ലാത്ത ഒരാളെക്കൊണ്ട് കലിമ ചൊല്ലിക്കുക, നമസ്കാരം ചെയ്യിക്കുക, സകാത്ത് നിർബന്ധമാക്കുക തുടങ്ങിയ കാര്യങ്ങൾ മുസ്‌ലിം ഭരണാധികാരിക്ക് പോലും പാടില്ലാത്ത കാര്യങ്ങളാണ്.

ഭരണാധികാരികൾക്കെതിരെ വ്യക്തിപരമായ ദൂഷ്യങ്ങൾ പറഞ്ഞ് വിപ്ലവം നടത്തി ഭരണം അട്ടിമറിക്കുന്നതും അതിനായി ഇസ്‌ലാമിക വികാരത്തെ ചൂഷണം ചെയ്യുന്നതും ഇസ്‌ലാം വിലക്കിയ കാര്യങ്ങളാണ്. ഇസ്‌ലാമിനെ ഒരു 'ഇസമാക്കി' ഒരു ഇസ്‌ലാമിസ്റ്റ് ശൈലിയിലൂടെ നടത്തപ്പെടുന്ന തീവ്ര ശൈലികളോടും ഇസ്‌ലാം സമരസപ്പെടുന്നില്ല.

മത ഭീകരതയും ഇന്ത്യയും

മതഭീകരതയുടെ പേരിൽ ആക്രമിക്കപ്പെട്ട ഇന്ത്യയും മതഭീകരതയിൽനിന്ന് മുക്തമല്ല. കഴിഞ്ഞ പത്ത് വർഷത്തിലധികമായി ആർ.എസ്.എസിന്റെയും സംഘ്പരിവാറിന്റെയും ഭരണമാണ് ഇന്ത്യയിൽ നടക്കുന്നത്. ഈ കാലഘട്ടത്തിൽ മതത്തിന്റെ പേരിൽ എണ്ണിയാലൊടുങ്ങാത്ത കൊലപാതകങ്ങളാണ് ഇന്ത്യയിൽ ഉണ്ടായിട്ടുള്ളത്. ഹൈന്ദവതയെ മതവും സംസ്കാരവുമായി സ്വീകരിച്ചിട്ടുള്ള ഹിന്ദുക്കളിലെ മഹാഭൂരിപക്ഷവും മതഭീകരതയെ അംഗീകരിക്കുന്നവരല്ല. എന്നാൽ ഹിന്ദുവികാരത്തെ ആളിക്കത്തിച്ച് രാഷ്ട്രീയ മേൽക്കോയ്മ ഉറപ്പിക്കാൻ ശ്രമിക്കുന്ന ഹിന്ദുത്വ ശക്തികൾ യഥാർഥ ഹൈന്ദവ മാർഗത്തിൽ നിന്നും എത്രയോ അകലെയാണ്.

### ജയ് ശ്രീറാം വിളിപ്പിക്കൽ

ഹിന്ദുത്വ ഫാസിസ്റ്റ് സംഘങ്ങൾ മുസ്‌ലിം ഉന്മൂലനം ലക്ഷ്യമിട്ട് ഇന്ത്യയിൽ നടത്തിക്കൊണ്ടിരിക്കുന്ന ഭീകരപ്രവർത്തനങ്ങൾക്ക് ആവേശം പകരുന്ന 'കലിമ'യാണ് ജയ് ശ്രീറാം. ജയ് ശ്രീറാം വിളിപ്പിക്കുകയും അതിന്റെ പേരിൽ കൊല്ലുകയും ചെയ്യുന്ന പ്രവണത നരേന്ദ്രമോദി സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വർധിച്ചിട്ടുണ്ട്. 1992ൽ ബാബരി മസ്ജിദ് തകർക്കാൻ ഹിന്ദുത്വ ഭീകരർ ഉപയോഗിച്ച മുദ്രാവാക്യമാണ് ജയ് ശ്രീറാം. പിന്നീടത് മുഴങ്ങിക്കേട്ടത് 1999ൽ ഒഡീഷയിലായിരുന്നു. ആസ്ത്രേലിയൻ മിഷനറി പ്രവർത്തകൻ ഗ്രഹാം സ്റ്റെയിന്സിനെയും രണ്ട് മക്കളെയും ജീവനോടെ കത്തിച്ചപ്പോഴായിരുന്നു അത്. 2002ൽ ഗോധ്ര ട്രെയിൻ തീവയ്പ്പ് സമയത്തും അത് അന്തരീക്ഷത്തിൽ മുഴങ്ങിയിരുന്നു. ഇഹ്സാൻ ജാഫ്രി ക്രൂരമായി വധിക്കപ്പെടുന്നതിന് മുമ്പും അദ്ദേഹത്തെക്കൊണ്ട് ഭീകരർ അത് പറയിപ്പിക്കാൻ ശ്രമിച്ചിരുന്നു. ഗുൽബർഗ് സൊസൈറ്റി, നരോദപാട്യ എന്നിവിടങ്ങളിലെ കൂട്ടക്കൊലകൾക്ക് മുന്നോടിയായി ജയ് ശ്രീറാം വിളിപ്പിച്ചുകൊണ്ടായിരുന്നു ഹിന്ദുത്വ ഭീകരർ അഴിഞ്ഞാടിയത്.

2019ൽ ജാർഖണ്ഡിൽ തബ്‌റീസ് അൻസാരി, 2022 ലെ യു.പി തെരഞ്ഞെടുപ്പ് വിജയത്തെ തുടർന്ന് കൊല്ലപ്പെട്ട ബാബർ അലി ഖാൻ എന്നിവരെല്ലാം ജയ് ശ്രീറാമിന്റെ രക്തസാക്ഷികളാണ്. 2023 ൽ കാശ്മീരിലെ പുൽവാമയിലും 2024 ൽ ഹിമാചൽ പ്രദേശിലും സമാനമായ സംഭവങ്ങൾ അരങ്ങേറി. 2024 ഒക്ടോബറിലാണ് ഉത്തർപ്രദേശിൽ 16 വയസ്സുകാരനായ ഒരു ദളിത് ബാലൻ ജയ് ശ്രീറാം ചൊല്ലാൻ വിസമ്മതിച്ചതിൻെറ പേരിൽ ക്രൂരമായി പീഡിപ്പിക്കപ്പെട്ടത്. പൗരത്വ ഭേദഗതി നിയമത്തിനെതിരെ സമരം ചെയ്തതിന്റെ പേരിൽ ഡൽഹിയിലും ഇത്തരത്തിലുള്ള സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

**മതങ്ങൾ പരസ്പരം കൈകോർക്കട്ടെ**

ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാൻ എല്ലാ മതങ്ങളിലെയും പണ്ഡിതന്മാർ രംഗത്തിറങ്ങേണ്ടതുണ്ട്. തീവ്രവാദികളെയും ഭീകരവാദികളെയും ഭയന്നുകൊണ്ടും അവർക്ക് അടിയറവ് പറഞ്ഞുകൊണ്ടും മിണ്ടാതിരുന്നാൽ സകല മതങ്ങളും ക്രൂരതയുടെയും ഭീകരതയുടെയും പര്യായങ്ങളായി വ്യാഖ്യാനിക്കപ്പെടുകയും ആരാധനാലയങ്ങൾ ഭീകരകേന്ദ്രങ്ങളായി മാറുന്ന അവസ്ഥ സംജാതമാവുകയും ചെയ്യും. പുതുതലമുറയിൽ കാണുന്ന അസ്വസ്ഥതകൾക്ക് ഉത്തരം തേടാൻ സാധിക്കാത്ത വിധത്തിൽ വിവിധ മതങ്ങൾ അന്ധാളിച്ച് നിൽക്കുകയാണ്. കാരണം മതങ്ങളുടെ മുഖംമൂടി അണിഞ്ഞുകൊണ്ടുള്ള ഭീകരപ്രവർത്തനങ്ങൾ മാത്രമാണ് അവർ ഇന്ന് കണ്ടുകൊണ്ടിരിക്കുന്നത്.

> ഹിന്ദുത്വ ഫാസിസ്റ്റ് സംഘങ്ങൾ മുസ്‌ലിം ഉന്മൂലനം ലക്ഷ്യമിട്ട് ഇന്ത്യയിൽ നടത്തിക്കൊണ്ടിരിക്കുന്ന ഭീകര പ്രവർത്തനങ്ങൾക്ക് ആവേശം പകരുന്ന 'കലിമ'യാണ് ജയ് ശ്രീറാം. ജയ് ശ്രീറാം വിളിപ്പിക്കുകയും അതിന്റെ പേരിൽ കൊല്ലുകയും ചെയ്യുന്ന പ്രവണത നരേന്ദ്ര മോദി സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വർധിച്ചിട്ടുണ്ട്.



**യുദ്ധം പരിഹാരമല്ല**

പഹൽഗാം ഭീകരാക്രമണത്തിന്റെ പേരിൽ ഇന്ത്യയും പാകിസ്താനും യുദ്ധത്തിന്റെ മാർഗത്തിലേക്ക് പോകുന്നതിന്റെ സൂചനയാണ് കണ്ടുകൊണ്ടിരിക്കുന്നത്. ധൃതിപിടിച്ച രാഷ്ട്രീയ തീരുമാനങ്ങൾ കൊണ്ടോ പ്രത്യാക്രമണങ്ങൾകൊണ്ടോ സമാധാനം പുനഃസ്ഥാപിക്കാൻ കഴിയുകയില്ല. ഇന്ത്യയുടെ ആഭ്യന്തര കാര്യങ്ങളിൽ പാകിസ്താൻ അടക്കമുള്ള രാജ്യങ്ങൾ ഇടപെട്ട് ഇന്ത്യക്കുള്ളിൽ അസ്വസ്ഥത പടർത്താൻ ശ്രമിക്കുന്നത് ഒരിക്കലും അംഗീകരിച്ചുകൊടുക്കാൻ സാധിക്കില്ല. അത്തരത്തിലുള്ള പ്രവണതകൾക്ക് ശക്തമായ തിരിച്ചടികൾ നൽകേണ്ടതുണ്ട്. എന്നാൽ ഇരു രാജ്യങ്ങളിലുമുള്ള സാധാരണക്കാരായ സിവിലിയന്മാരുടെ ജീവിതം വഴിമുട്ടുന്ന തരത്തിലുള്ള പ്രഖ്യാപനങ്ങൾ ആയിരിക്കരുത് തിരിച്ചടിയുടെ മാർഗം.

**വിവേകം മുന്നോട്ട് നയിക്കട്ടെ**

പെട്ടെന്നെടുക്കുന്ന വൈകാരിക തീരുമാനങ്ങളെ പൊതുവിൽ ജനങ്ങളുടെ കണ്ണിൽ പൊടിയിടാനുള്ള തന്ത്രങ്ങൾ മാത്രമായി മാത്രമെ കാണാൻ സാധിക്കൂ. അതേസമയം പഹൽഗാം സംഭവത്തിൽ സുരക്ഷാ വീഴ്ചയുണ്ടായിട്ടുണ്ട് എന്ന കാര്യം കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് പോലും സമ്മതിക്കേണ്ടി വന്നിട്ടുണ്ട്. ഈ വീഴ്ചകൾ മനഃപൂർവമായി സൃഷ്ടിക്കപ്പെടുന്നതാണോ എന്ന സാധാരണക്കാരുടെ ആശ

ടി.കെ അശ്റഫ്
ജനറൽ സെക്രട്ടറി, വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ
: 81118 07199

# സൂംബാ ഡാൻസ് സ്‌കൂളിലെത്തുമ്പോൾ?

പുതിയ അധ്യയന വർഷം മുതൽ വിദ്യാർഥികളും അധ്യാപകരും സ്‌കൂളിൽ സൂംബാ ഡാൻസ് ചെയ്യണമെന്ന നിർദേശം വിദ്യാഭ്യാസ വകുപ്പ് നൽകിയതായി വാർത്ത കണ്ടു. എല്ലാ ദിവസവും ക്ലാസ് തുടങ്ങുന്നതിനു മുമ്പ് മൂന്ന് മിനുട്ട് നേരവും ക്ലാസിലിരിക്കുന്നതിന്റെ പിരിമുറുക്കം ഇല്ലാതാവാൻ ഇടവേളകളിലുമാണ് ഡാൻസുണ്ടാവുക എന്ന് പറയപ്പെടുന്നു. കൗമാരക്കാർ ലഹരിക്ക് അടിമപ്പെടുന്നതിന് മാനസിക സമ്മർദം കാരണമാകുന്നുണ്ടെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയാണ് ഇത് നിർദേശിച്ചതത്രെ.

വെക്കേഷനിൽ അധ്യാപകർക്ക് ഇതിന്റെ ട്രൈനിംഗും നൽകാൻ തീരുമാനിച്ചിട്ടുണ്ട്. അധികം ആലോചിക്കാതെ നൽകിയ ഒരു നിർദേശമാണിതെന്ന കാര്യത്തിൽ തർക്കമില്ല. ഇക്കാര്യത്തിൽ ഒരു വീണ്ടുവിചാരം അനിവാര്യമാണെന്ന് തോന്നുന്നു.

രണ്ട് കാര്യങ്ങൾ പ്രാഥമികമായി നാം മനസ്സിലാക്കണം. ലഹരിയടക്കം പുതുതലമുറ അനുഭവിക്കുന്നു എന്ന് പറയുന്ന പ്രശ്നങ്ങളുടെ അളവിൽ വലിയ വർധനവ് ഉണ്ടായിട്ടുണ്ടെങ്കിലും, ഇത്തരം പ്രശ്നങ്ങൾ ശാസ്ത്രീയമായും സാമൂഹികമായും പഠനമനനങ്ങൾക്ക് മുൻകാലത്ത് തന്നെ വിധേയമായിട്ടുണ്ട്. അതോടൊപ്പം, നാം നിർദേശിക്കുന്ന ഇത്തരം പ്രശ്നങ്ങൾക്കുള്ള പരിഹാരങ്ങൾ അതിന്റെ കാരണങ്ങളെ (Root Cause)യാണ് അഡ്രസ്സ് ചെയ്യേണ്ടത്. ഇവിടെയാണ്, ഒട്ടും ആഴങ്ങളിലേക്കിറങ്ങാത്ത ഇത്തരം പ്രഹസനങ്ങൾ നാം ചർച്ച ചെയ്യേണ്ടത്.

ഒരു ഭാഗത്ത് ഹൈസ്‌കൂൾ വിദ്യാർഥികൾ സകല സീമകളും ലംഘിച്ച് ഡി.ജെ പാർട്ടികളിലും മറ്റു ആഘോഷങ്ങളിലും അഭിരമിക്കുന്ന ഈ കാലത്ത് പിരിമുറുക്കം കുറക്കാനെന്ന പേരിൽ സ്‌കൂളുകളിൽ സൂംബാ ഡാൻസിന് വേദിയൊരുക്കുന്നത് ഗുണത്തെക്കാളേറെ ദോഷമാണ് വിളിച്ചുവരുത്തുക. താമരശ്ശേരിയിലെ ഹൈസ്‌കൂൾ വിദ്യാർഥിയുടെ മരണവും കുസാറ്റ് കൊച്ചിൻ ക്യാമ്പസിൽ ഉണ്ടായ നിശാ പാർട്ടിയിലെ അപകടവും കാതടപ്പിക്കുന്ന മ്യൂസിക്കിന്റെ ആരവത്തിൽ നിറഞ്ഞാടാൻ മുൻകാലത്തെ അപേക്ഷിച്ച് പുതുതലമുറ അനവധി അവസരങ്ങൾ ബോധപൂർവം ഉണ്ടാക്കുന്നതിനെയാണ് വ്യക്തമാക്കുന്നത്.

കുട്ടികളുടെ മാനസിക പിരിമുറുക്കങ്ങളുടെ കാരണം ഉല്ലാസങ്ങളുടെ കുറവല്ല, മറിച്ച് ഇത്തരം തെറ്റായ, ക്രിയാത്മകമല്ലാത്ത, നൈമിഷികമായ സന്തോഷം (Instant Gratification) മാത്രം നൽകുന്ന കാര്യങ്ങളിലുണ്ടാവുന്ന അഡിക്ഷനാണെന്ന് നാം തിരിച്ചറിയണം. വ്യക്തി ബന്ധങ്ങളിലും ആശയ വിനിമയത്തിലുമു

ങ്കകൾക്കാണ് പരിഹാരം ഉണ്ടാവേണ്ടത്. 2019ൽ പുൽവാമയിലുണ്ടായ സംഭവത്തെ സംബന്ധിച്ച് പിന്നീട് കേന്ദ്രസർക്കാർ തന്നെ പ്രതിക്കൂട്ടിലാവുന്ന തരത്തിലുള്ള വെളിപ്പെടുത്തലുകൾ ഉണ്ടായത് മറക്കാൻ സാധിക്കില്ല. രാജ്യത്ത് തെരഞ്ഞെടുപ്പുകൾ വരുമ്പോൾ അതിർത്തിയിൽ സംഘർഷമുണ്ടാവുന്നു എന്ന വിമർശനങ്ങളും നിരീക്ഷണങ്ങളും വിലയിരുത്തപ്പെടേണ്ടതുണ്ട്.

**സമാധാനം പുലരട്ടെ**

ഭീരുക്കളായ ഏതാനും ഭീകരവാദികൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങളുടെ പേരിൽ സാധാരണക്കാരുടെ ജീവിതം ഹോമിക്കപ്പെടുന്ന അവസ്ഥകൾ ഉണ്ടാവാൻ പാടില്ല. 1960ലെ സിന്ധുനദീജല ഉടമ്പടിയും 1972 സിംല ഉടമ്പടിയും റദ്ദ് ചെയ്യുന്നതുകൊണ്ട് ഇരുരാജ്യങ്ങൾക്കും ഗുണത്തെക്കാളേറെ ദോഷമാണുണ്ടാവുക. സാധാരണക്കാരുടെ യാത്രകൾ മുടക്കിയതുകൊണ്ടും കയറ്റുമതിയും ഇറക്കുമതിയും നിരോധിച്ചതുകൊണ്ടും സമാധാനം പുലരില്ല. മറിച്ച്, അന്താരാഷ്ട്ര തലത്തിൽ നിലവിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ശ്രമമാണ് അനിവാര്യമായിട്ടുള്ളത്. വിവിധ രാജ്യങ്ങൾ തക്കം നോക്കി ഈ തർക്കത്തിൽ ഇടപെടുകയും അവരുടെതായ രാഷ്ട്രീയ താൽപര്യങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുകയും ചെയ്യുന്നതിനെ തിരിച്ചറിയാൻ ഉപഭൂഖണ്ഡത്തിലെ നേതാക്കൾക്ക് സാധിക്കേണ്ടതുണ്ട്. സമാധാനം തിരിച്ചുകൊണ്ടുവരാനുള്ള ശ്രമങ്ങൾക്കായിരിക്കണം മുൻതൂക്കം നൽകേണ്ടത്. അതിനായിരിക്കട്ടെ ഇനിയുള്ള ശ്രമങ്ങൾ. ■



ണ്ടായിട്ടുള്ള വിടവും ഇതിന് കാരണമാകുന്നു. ഇതിനെ അഡ്രസ്സ് ചെയ്യാൻ, ലോകത്ത് ഇരുവരെ ഒരു രാജ്യവും ഒരു മേഖലയിലും പ്രായോഗികമായി നടത്തിയിട്ടില്ലാത്ത, യു.എൻ ഡ്രഗ്സ് & ക്രൈംസ് അന്താരാഷ്ട്ര തലത്തിൽ തന്നെ പരിഹാര മാനദണ്ഡങ്ങൾ പുറത്തു വിട്ടപ്പോൾ പോലും പരിഗണിക്കാത്ത ഒരു രീതി കൊണ്ടുവരുന്നത് അത്യന്തം പ്രഹസനമാണ്.

1990ന് ഒടുവിലാണ് സൂംബാ ഡാൻസ് എന്ന ഒരു രീതി വരുന്നത്. 2001ൽ ഇത് വ്യാപകമായി. ഇതിനുശേഷമാണ് ലോകത്ത് രാസലഹരി വ്യാപകമായതെന്ന കാര്യവും നാം ചേർത്ത് ചിന്തിക്കണം. ലോകത്ത് എവിടെയും ലഹരിയിലേക്ക് പോകാതിരിക്കാൻ ഡാൻസ് പ്രൊമോട്ട് ചെയ്യുന്നത് നമുക്ക് കാണാനാവില്ല.

വിദ്യാലയങ്ങളിലും മറ്റും ശാന്തമായി നടന്നിരുന്ന പല ആഘോഷ പരിപാടികളും ആൺ-പെൺ കൂടിക്കലരലുകളും പരിസരം മറന്ന് തിമിർത്താടാനുള്ള ഇടങ്ങളുമായി മാറുന്ന അവസ്ഥയാണ് നാം കാണുന്നത്. ഇൻസ്റ്റാഗ്രാം റീൽസും ഷോർട്സും കണ്ട് വിവാഹ ആഘോഷങ്ങൾ, സെന്റോഫുകൾ, ടൂറുകൾ, വാർഷികങ്ങൾ... തുടങ്ങി എല്ലാ പരിപാടികളിലും കാതടപ്പിക്കുന്ന സംഗീതത്തോടൊപ്പമുള്ള ഡാൻസിനെയും ഉൾചേർക്കുന്ന പ്രവണതയും പുതുതലമുറയിൽ കാണാം. പലപ്പോഴും ഇവയെല്ലാം ഒടുവിൽ എത്തിച്ചേരുന്ന ചെറുതും വലുതുമായ ഡി.ജെ പാർട്ടികൾ ലഹരിയുടെ പ്രാഥമിക സ്രോതസ്സുകളായി മാറുന്നതിനിടയിലാണ് ഇത്തരം വിചിത്രമായ പ്രതിരോധ മാർഗങ്ങളുമായി സർക്കാർ മുന്നോട്ട് വരുന്നത്.

ഇതിലൂടെ കൗമാരക്കാരുടെ പിരിമുറുക്കം കുറയുകയല്ല വർധിക്കുകയാണ് ചെയ്യുക. ഒരുഭാഗത്ത് സർക്കാർ തന്നെ നൈറ്റ്ലൈഫും മറ്റും പ്രോത്സാഹിപ്പിക്കുന്നു; മറുവശത്ത് അവിടെയുണ്ടാവുന്ന അടിപിടിയും ലഹരി റാക്കറ്റും പെൺവാണിഭങ്ങളും പിടികൂടുന്നു. അത് പോലെ ദീർഘവീക്ഷണമോ പഠനമോ നടത്താതെയുള്ള നിർദേശങ്ങളാണ് ഇവ.

കുട്ടികളുടെ മാനസിക, ശാരീരിക ആരോഗ്യം മെച്ചപ്പെടുത്തലും അധ്യാപക വിദ്യാർഥി സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കലുമാണ് സൂംബാ ഡാൻസിന്റെ ലക്ഷ്യമെങ്കിൽ, അതിന് സ്കൂളുകളിൽ നിലവിലുള്ള കലാകായിക വിദ്യാഭ്യാസവും അതിന്റെ ഭാഗമായുള്ള ഡ്രില്ലുകളും എക്സർസൈസുകളും മാസ്സ് പി.ഇ.ടിയും കാര്യക്ഷമമാക്കിയാൽ മതിയാകുമല്ലോ.

സർക്കാരാകട്ടെ, ഈ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ കൊടുക്കുന്നില്ല എന്നതാണ് യാഥാർഥ്യം. പാഠ്യപദ്ധതിയും തിയറി, പ്രാക്ടിക്കൽ പരീക്ഷകളും ഉള്ള ആരോഗ്യ-കായിക വിദ്യാഭ്യാസം പഠിപ്പിക്കാൻ 86% UPSലും 45% HSലും 10% LP, HSS, VHSEലും കായികാധ്യാപകന്മാരെ ഇപ്പോഴും നിയമിച്ചിട്ടില്ലെന്ന കാര്യം നാം മനസ്സിലാക്കണം! കലാകായിക വിദ്യാഭ്യാസവും അതിന്റെ പരീക്ഷകളും മൂല്യനിർണയവും അധ്യാപകർക്കിടയിൽ പരസ്പരം തട്ടിക്കളിക്കുന്ന ഒരു അനാഥക്കുട്ടിയെ പോലെയാണ് ഇന്നുള്ളത്. ഇക്കാര്യത്തിലെല്ലാം ഇടപെട്ട് ശരിയായ പരിഹാരം ഉണ്ടാക്കാതെ, കേവലം പൊടിക്കൈകൾ കൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയില്ല.

മാത്രവുമല്ല; ഡിസിപ്ലിൻ ഇപ്പോൾതന്നെ സ്കൂളുകളിൽ ഒരു വലിയ പ്രശ്നമാണ്. ഡാൻസ് കൂടി വരുന്നതോടെ ഏത് സമയവും അതിന്റെ പ്രാക്ടീസും മൊബൈൽ ഫോൺ കൊണ്ടുവന്ന് വിവിധ നൃത്തങ്ങൾ അനുകരിച്ച് അഭ്യസിക്കലുമാകും പ്രധാന പരിപാടി. ഡാൻസ് ചെയ്യാൻ അവസരം കാത്തിരിക്കുന്ന ന്യൂജനറേഷൻ അധ്യാപകരിൽ ഒരു വിഭാഗം ഗവൺമെന്റിന്റെ ഈ നിർദേശത്തെ ആവേശപൂർവം സ്വീകരിച്ചേക്കാമെങ്കിലും, തന്റെ മേനിയഴകും കായികാഭ്യാസവും പൊതുഇടങ്ങളിൽ പ്രദർശിപ്പിക്കാൻ ഇഷ്ടപ്പെടാത്ത വലിയൊരു വിഭാഗം അധ്യാപകരും അത്തരം ചിന്താഗതിയുള്ള കുട്ടികളും ഇതിന്റെ പേരിലായിരിക്കും ഇനി മാനസിക സംഘർഷത്തിലേക്ക് തള്ളിവിടപ്പെടുക.

ലഹരി വ്യാപനത്തിന്റെയും അടിപിടിയുടെയും ആഘോഷത്വരയുടെയും മറ്റും പേരിൽ പൊതുവിദ്യാലയങ്ങളിൽ നിന്ന് അകന്നുകൊണ്ടിരിക്കുന്ന വിദ്യാർഥികളെ കൂടുതൽ അകറ്റുകയാണ് ഇതിലൂടെ സംഭവിക്കുക. അതിനാൽ സർക്കാർ ഇക്കാര്യത്തിൽ ഒരു വീണ്ടുവിചാരം നടത്തണമെന്നും ഇതിന്റെ എല്ലാ വശങ്ങളും കൃത്യമായി പഠനവിധേയമാക്കണമെന്നും അഭ്യർഥിക്കുന്നു. ■

വിവ: അബ്ദുൽ ജബ്ബാർ മദീനി



# വകാലത്ത്
## അഥവാ ചുമതലയേൽപിക്കൽ

പ്രാധിനിത്യം സ്വീകാര്യമായ കാര്യങ്ങളിൽ തന്റെ സ്ഥാനത്ത് നിലകൊള്ളുവാൻ ഒരു വ്യക്തി മറ്റൊരാളെ ചുമതലയേൽപിക്കലാണ് വകാലത്ത്.

**മതവിധിയും തെളിവുകളും**

വകാലത്ത് മതപരമായി അനുവദനീയമാകുന്നു. അല്ലാഹു പറഞ്ഞു: "എന്നാൽ നിങ്ങളിൽ ഒരാളെ നിങ്ങളുടെ ഈ വെള്ളിനാണയവും കൊണ്ട് പട്ടണത്തിലേക്ക് അയക്കുക" (ക്വുർആൻ 18:19).

"ദാനധർമങ്ങൾ (നൽകേണ്ടത്) ദരിദ്രൻമാർക്കും അഗതികൾക്കും അതിന്റെ കാര്യത്തിൽ പ്രവർത്തിക്കുന്നവർക്കും..." (ക്വുർആൻ 9:60).

സകാത്തിനുവേണ്ടി അധ്വാനിക്കുന്നതിനെ അല്ലാഹു അനുവദിച്ചു. പ്രസ്തുത

അധ്വാനം അർഹരായവരുടെ സ്ഥാനത്ത് പകരം നിൽക്കുന്നതിന്റെ വിധിയിലാകുന്നു.

ജാബിറി(റ)ൽനിന്നു നിവേദനം, അദ്ദേഹം പറഞ്ഞു: "ഞാൻ ഖയ്ബറിലേക്കു പുറപ്പെടുവാനുദ്ദേശിച്ചു. അങ്ങനെ ഞാൻ അല്ലാഹുവിന്റെ റസൂലിന്റെ അടുക്കൽ ചെന്നു. തിരുമേനി(സ്വ) എന്നോടു പറഞ്ഞു: 'താങ്കൾ ഖയ്ബറിൽ എന്റെ വകീലിന്റെ അടുക്കൽ ചെന്നാൽ അയാളിൽനിന്ന് പതിനഞ്ച് വസ്ഖ് വാങ്ങിക്കൊള്ളുക."

ഉർവത്ത് ഇബ്നു ജഅ്ദി(റ)ൽനിന്നു നിവേദനം: "തിരുനബി(സ്വ)ക്ക് ഒരു കച്ചവടച്ചരക്ക് പ്രദർശിപ്പിക്കപ്പെട്ടു. തിരുനബി(സ്വ) എനിക്ക് ഒരു ദീനാർ തന്നു. അവിടുന്ന് പറഞ്ഞു: 'ഉർവാ, നിങ്ങൾ കച്ചവടച്ചരക്കിൽ ചെന്നു നമുക്ക് ഒരു ആടിനെ വാങ്ങിക്കുക..."

വകാലത്ത് മൊത്തത്തിൽ അനുവദനീയമാകുന്നു എന്നതിൽ മുസ്‌ലിംകൾ ഏകോപിച്ചിരിക്കുന്നു. കാരണം ഒരാൾക്കും തന്റെ ആവശ്യങ്ങളെല്ലാം ചെയ്തു തീർക്കുകയെന്നത് സാധ്യമല്ലെന്നതിനാൽ ആവശ്യകതയാണ് വകാലത്തിനെയും അതു മതപരമാകുന്നതിനേയും ലക്ഷ്യമാക്കുന്നത്.

### വകാലത്തിന്റെ നിബന്ധനകളും മതവിധികളും

1. പ്രായപൂർത്തിയെത്തുക, ബുദ്ധിയുണ്ടാവുക, തന്റേടമുണ്ടാവുക എന്നിങ്ങനെ വകീലും (വകാലത്ത് ഏൽപിക്കപ്പെട്ടവൻ) മുവക്കിലും (വകാലത്ത് ഏൽപിച്ചവൻ) സമ്പത്ത് കൈകാര്യം ചെയ്യുവാൻ അനുവാദമുള്ളവരാകൽ നിബന്ധനയാണ്.

2. കൊള്ളക്കൊടുപ്പുകൾ, മറ്റു ഉടമ്പടികൾ, ത്വലാക്, ഖുൽഅ്, ഫസ്ഖ് എന്നിങ്ങനെ നിയാബത്ത് (പ്രാതിനിധ്യം) സ്വീകാര്യമാകാവുന്നതിലെല്ലാം വകാലത്ത് സാധുവാകും. സകാത്ത് നൽകുക, കഫ്ഫാറത്ത് നൽകുക, നേർച്ച വീട്ടുക, ഹജ്ജ് ചെയ്യുക പോലുള്ള ആരാധനകളിൽനിന്ന് പ്രാതിനിധ്യമാകാവുന്നതിലുമെല്ലാം വകാലത്ത് സാധുവാകും.

വകാലത്ത് മൊത്തത്തിൽ അനുവദനീയമാകുന്നു എന്നതിൽ മുസ്‌ലിംകൾ ഏകോപിച്ചിരിക്കുന്നു. കാരണം ഒരാൾക്കും തന്റെ ആവശ്യങ്ങളെല്ലാം ചെയ്തു തീർക്കുകയെന്നത് സാധ്യമല്ലെന്നതിനാൽ ആവശ്യകതയാണ് വകാലത്തിനെയും അതു മതപരമാകുന്നതിനേയും ലക്ഷ്യമാക്കുന്നത്.

3. ശുദ്ധി, സ്വലാത്ത് പോലുള്ള, അല്ലാഹുവിന്റെ ഹക്കായ, നിയാബത്ത് (പ്രാതിനിധ്യം) അസ്വീകാര്യമായ ഇബാദത്തുകളിൽ വകാലത്ത് സാധുവാകുകയില്ല.

4. വകാലത്ത് ഏൽപിച്ചവന്റെ അനുവാദമോ അല്ലെങ്കിൽ ജനങ്ങളുടെ നാട്ടുനടപ്പോ തേടുന്നത്ര കൈകാര്യകർതൃത്വമേ വകീൽ ഉടമപ്പെടുത്തുകയുള്ളൂ. വകാലത്ത് ഏൽപിച്ചവന് ഈ അനുവാദത്തെത്തുടർന്ന് യാതൊരുവിധ ഉപദ്രവവുമുണ്ടാകരുത് എന്ന നിബന്ധനയുള്ളതോടൊപ്പമാണ് ഇത്.

5. വകാലത്ത് ഏൽപിച്ചവൻ അനുവദിച്ചാലല്ലാതെ വകീലിന് മറ്റൊരാളെ വകാലത്തേൽപിക്കൽ സാധുവാകുകയില്ല. അല്ലെങ്കിൽ വകീൽ ജോലിയെടുക്കുവാൻ അശക്തനാവുകയോ നേരാംവിധം ജോലിയെടുക്കുവാൻ കഴിയാത്തവനോ ആയാൽ താൻ ഏൽപിക്കപെട്ടതിൽ തന്റെ സ്ഥാനത്ത് നിൽക്കുന്ന മറ്റൊരാളെ ഏൽപിക്കാവുന്നതാണ്.

6. താൻ ഏൽപിക്കപ്പെട്ടതിൽ വകീൽ അമീനാകുന്നു. വീഴ്ച വരുത്തുകയോ അതിക്രമിക്കുകയോ ചെയ്താലല്ലാതെ വകീൽ ഉത്തരവാദിയാവുകയില്ല.

7. വകാലത്ത് അനുവദനീയമായ ഉടമ്പടിയാകുന്നു. അത് ഏൽപിക്കപ്പെട്ടവനും ഏൽപിച്ചവനും ആവശ്യമെങ്കിൽ ദുർബലപ്പെടുത്താൻ അനുവാദമുണ്ട്.

8. രണ്ടിലൊരാളുടെ (വകീലിലോ മുവക്കിലോ) മരണപ്പെടൽകൊണ്ടോ രണ്ടിലൊരാൾക്ക് ഭ്രാന്തുപിടിക്കൽകൊണ്ടോ രണ്ടിലൊരാളുടെ വകാലത്ത് ദുർബലപ്പെടുത്തൽകൊണ്ടോ മുവക്കിൽ വകീലിനെ സ്ഥാനഭ്രഷ്ടനാക്കൽ കൊണ്ടോ അവന്റെ മൂഢത്വം കാരണം അവന് സാമ്പത്തിക ഇടപാടിൽനിന്ന് വിലക്കേർപ്പെടുത്തൽകൊണ്ടോ വകാലത്ത് അസാധുവാകും.

*(അവലംബം: ഒരു സംഘം പണ്ഡിതന്മാർ രചിച്ച 'അൽഫിക്ഹുൽ മുയസ്സർ ഫീ ദൗഇൽ കിതാബി വസ്സുന്ന' എന്ന ഗ്രന്ഥം).*



വിമർശനം ✂

അക്ബർഷ അൽഹികമി

# ഇഖ്‌വാനികൾ അഹ്‌ലുസ്സുന്നയുമായി വേർപിരിയുന്നതെവിടെ?

പിഴച്ച കക്ഷിയായ ഖവാരിജുകളുടെ ആശയങ്ങൾ പലതും കടംകൊണ്ട അൽഇഖ്‌വാനുൽ മുസ്‌ലിമൂൻ എന്ന സംഘവും സമാന ചിന്താഗതിയിൽ ലോകത്തിന്റെ അഷ്ടദിക്കുകളിൽ പ്രവർത്തിക്കുന്ന ഇഖ്‌വാനിന്റെ തന്നെ ഉപജാപക സംഘങ്ങളും തങ്ങളുടെ പിഴച്ച ആശയമായ തക്ഫീറിനും അഥവാ മുസ്‌ലിം വ്യക്തികളെയും സമൂഹത്തെയും അനർഹമായി കാഫിറുകൾ എന്ന് വിധി പറയുന്നതിനും, ഇസ്‌ലാമിക ഭരണകൂടങ്ങൾക്കെതിരെ വിപ്ലവം നയിക്കാനും മറയാക്കുന്ന ഒന്നാണ് ഇസ്‌ലാമിക പ്രമാണങ്ങൾ പഠിപ്പിക്കുന്ന 'നന്മ കൽപിക്കുക, തിന്മ വിരോധിക്കുക' എന്നത്.

വ്യതിയാന കക്ഷികയായ മുഅ്തസിലികളും മുസ്‌ലിം രാഷ്ട്രങ്ങളിൽ  അരക്ഷിതാവസ്ഥ സൃഷ്ടിക്കാൻ ഈ വിഷയത്തെ മുമ്പ് മറയാക്കിയിട്ടുണ്ട്.

നന്മ കൽപിക്കലും തിന്മ വിരോധിക്കലും പ്രമാണങ്ങൾ പഠിപ്പിക്കുന്ന പുണ്യകർമാണ്. എന്നാൽ മുസ്‌ലിം ഭരണകൂടങ്ങളെയും പൊതുസമൂഹത്തെയും കാഫിറുകളായി ചിത്രീകരിച്ച് മുസ്‌ലിം രാഷ്ട്രങ്ങളിൽ ഛിദ്രത സൃഷ്ടിക്കുന്നത് വലിയ പാപമാണ്. ഇവ രണ്ടും

തമ്മിൽ വലിയ അന്തരമുണ്ട് എന്നു സാരം.

ഹസനുൽ ബന്ന ഔദ്യോഗികമായി അടിത്തറ പാകിയ ഇഖ്‌വാനിസം അതിന്റെ ചരിത്രത്തിലുടനീളം മുസ്‌ലിം ഭരണകൂടങ്ങളെയും പണ്ഡിതന്മാരെയും മുസ്‌ലിം സമൂഹത്തെയും നിഫാകിന്റെയും കുഫ്‌റിന്റെയും ലേബലൊട്ടിച്ചത് കാണാവുന്നതാണ്

ഇസ്‌ലാമിക ശരീഅത്തനുസരിച്ച് അവർ വിധിക്കുന്നില്ലെന്നും അതനുസരിച്ച് മുസ്‌ലിംകൾ ജീവിക്കുന്നില്ലെന്നുമൊക്കെപ്പറഞ്ഞാണ് ഇവരുടെ വിധ്വംസക പ്രവർത്തനങ്ങളെ ന്യായീകരിക്കാറുള്ളത്. ഇവരുടെ വിവേകരഹിതമായ ജിഹാദീ പ്രവർത്തനങ്ങളെ അനുകൂലിച്ചില്ലെങ്കിൽ അത്തരക്കാരെ സയണിസ്റ്റുകളും അമേരിക്കൻ ചാരന്മാരും ഒറ്റുകാരും കപടന്മാരുമായി ഇവർ മുദ്രകുത്തും.

ഇസ്‌ലാമിക ഭരണകൂട വിമർശനവും അവർക്കെതിരെ ആളെക്കൂട്ടലും ജനങ്ങളെ തെരുവിലിറക്കുന്നതും നന്മ കൽപിക്കുന്നതിന്റെയും തിന്മ വിരോധിക്കുന്നതിന്റെയും ഭാഗമാണെന്നാണ് ഇവരുടെ ജല്പനം! അതിനായി പല പ്രമാണങ്ങളെയും ഇവർ ദുർവ്യാഖ്യാനിച്ച് പ്രചരിപ്പിക്കാറുണ്ട്.

ഇസ്‌ലാമിക ഭരണാധികാരികളിൽ തിന്മകൾ കണ്ടാൽ തിരുത്തേണ്ടത് എങ്ങനെയെന്നതിന് അഹ് ലുസ്സുന്നയ്ക്ക് കൃത്യമായ നിലപാടുണ്ട്.

- നസ്വീഹത്ത് ഉണ്ടാകണം.
- മൃദുലമായ ഭാഷ ഉപയോഗിക്കണം.
- രഹസ്യമായി ചെയ്യണം
- പരസ്യമായി പരിഹസിക്കുകയും എതിർക്കുകയും ചെയ്യരുത്.

ഭരണാധികാരിയോടെന്നല്ല, എല്ലാം മുസ്‌ലിംകളോടും ഇങ്ങനെ തന്നെയാണ് വേണ്ടത്. എന്നാൽ ഭരണാധികാരിയോടുള്ള സമീപനത്തിൽ കൂടുതൽ ശ്രദ്ധവേണം എന്നു മാത്രം.

ഭരണാധികാരിയുടെ ഭാഗത്ത് വീഴ്ച സംഭവിക്കുമ്പോൾ തൽസമയത്തുതന്നെ അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ സംഭവിച്ച തെറ്റ് ചൂണ്ടിക്കാണിക്കാവുന്നതാണ്. എന്നാൽ തെറ്റ് ചൂണ്ടിക്കാണിക്കുന്ന വ്യക്തിക്കോ അതിലൂടെ മറ്റുള്ളവർക്കോ ഭരണാധികാരിയുടെ ഭാഗത്തുനിന്നുള്ള ശിക്ഷയും അതിക്രമവും ഉണ്ടാകാനിടയുണ്ടെങ്കിൽ അത്തരം സന്ദർഭങ്ങളിൽ എതിർക്കുന്നത് ഭൂഷണമല്ല. അന്നേരം അവിടെ നന്മയെക്കാൾ വലിയ തിന്മയാണ് സംഭവിക്കുക എന്നതാണ് അതിനു കാരണം.

എന്നാൽ എതിർക്കുന്ന ആൾക്ക് മാത്രമാണ് അതിന്റെ ശിക്ഷ അനുഭവിക്കേണ്ടി വരിക എന്ന് തോന്നുന്നപക്ഷം അയാൾക്ക് ഭരണാധികാരിയെ എതിർക്കാൻ അനുവാദമുണ്ട്. അത്തരക്കാരെ സംബന്ധിച്ചാണ് നബി(സ്വ) പറഞ്ഞത്: 'രക്തസാക്ഷികളുടെ നേതാവ് ഹംസയും അക്രമിയായ ഭരണാധികാരിക്കു നേരെ നിന്ന് നന്മ കൽപിക്കുകയും തിന്മ വിരോധിക്കുകയും ചെയ്തപ്പോൾ ഭരണാധികാരി വധിച്ചുകളയുകയും ചെയ്തവനുമാണ്' (സ്വിൽസിലതുസ്സ്വഹീഹഃ 373).

പണ്ഡിതന്മാർ ഉണർത്തിയതുപോലെ, നന്മ കൽപിക്കുക, തിന്മ വിരോധിക്കുക എന്നതും നസ്വീഹത്തു നൽകലും രണ്ടും രണ്ടു രീതിയിലാണ്. ആദ്യത്തെത് പരസ്യമായിട്ടാണെങ്കിൽ നസ്വീഹത്ത് നൽകേണ്ടത് രഹസ്യമായിട്ടാണ്. എഴുത്തിലൂടെയോ നേരിട്ടു ചെന്ന് കണ്ടുകൊണ്ടോ ഒക്കെ കാര്യം ബോധ്യപ്പെടുത്താ വുന്നതാണ്. തിന്മ കാണുമ്പോൾ അതിനെ എതിർക്കുന്നത് അത് സംഭവിക്കുന്ന സമയത്ത് മാത്രമാണ്.

നബി(സ്വ) പറഞ്ഞു: 'നിങ്ങളാരെങ്കിലും ഒരു തിന്മ കണ്ടാൽ അവൻ കൈകൊണ്ടതിനെ തടുക്കട്ടെ. അതിന് സാധ്യമല്ലെങ്കിൽ അവൻ നാവുകൊണ്ട് എതിർക്കട്ടെ. അതിനും കഴിഞ്ഞില്ലെങ്കിൽ മനസ്സിൽ വെറുക്കുകയെങ്കിലും ചെയ്യുക. അത് ഈമാനിന്റെ ഏറ്റവും ദുർബലാവസ്ഥയാകുന്നു' (ബുഖാരി, മുസ്‌ലിം).

എന്നാൽ സംഭവിച്ചുപോയതായ തിന്മയോ, ഭരണാധികാരിയുടെ അധികാരപരിധിയിൽ സംഭവിച്ചുകൊ ണ്ടിരിക്കുന്നതോ ആയ തിന്മകൾ നസ്വീഹത്തിലൂടെയാകണം തിരുത്തേണ്ടത്. ഇസ്‌ലാമിക ഭരണാധികാരിക്കെതിരെ പരസ്യവിമർശനം നടത്തുന്ന, വിപ്ലവം നയിക്കുന്ന എല്ലാവരും ഖവാരിജുകളാണ് എന്ന് പറയാവതല്ല.

തക്ഫീർ ഇല്ലാതെ അജ്ഞതയാൽ മുസ്‌ലിം ഭരണാധികാരിക്കെതിരെ പുറപ്പെടുന്നവർക്ക് 'അൽബുഗാത്ത്' അഥവാ 'അതിക്രമികൾ' എന്ന സാങ്കേതിക പദമാണ് പണ്ഡിതന്മാർ നൽകാറ്. ഭരണകൂട വിരുദ്ധതയ്ക്കൊപ്പം മുസ്‌ലിം ഭരണാധികാരികൾ കാഫിറായിരിക്കുന്നു എന്ന വാദം കൂടി ഒത്തുചേർന്നാൽ അവർ തികഞ്ഞ ഖവാരിജുകളാണ് എന്നതിൽ സംശയമില്ല.

ഈ തിന്മയാണ് ഇഖ്‌വാനുൽ മുസ്‌ലിമൂനും സമാന ആശയ സം

ഹസനുൽ ബന്ന ഔദ്യോഗികമായി അടിത്തറ പാകിയ ഇഖ്‌വാനിസം അതിന്റെ ചരിത്രത്തിലുടനീളം മുസ്‌ലിം ഭരണകൂടങ്ങളെയും പണ്ഡിതന്മാരെയും മുസ്‌ലിം സമൂഹത്തെയും നിഫാക്വിന്റെയും കുഫ്‌റിന്റെയും ലേബലൊട്ടിച്ചത് കാണാവുന്നതാണ് ഇസ്‌ലാമിക ശരീഅത്തനുസരിച്ച് അവർ വിധിക്കുന്നില്ലെന്നും അതനുസരിച്ച് മുസ്‌ലിംകൾ ജീവിക്കുന്നില്ലെന്നുമൊക്കെപ്പറഞ്ഞാണ് ഇവരുടെ വിധ്വംസക പ്രവർത്തനങ്ങളെ ന്യായീകരിക്കാറുള്ളത്. ഇവരുടെ വിവേകരഹിതമായ ജിഹാദീ പ്രവർത്തനങ്ങളെ അനുകൂലിച്ചില്ലെങ്കിൽ അത്തരക്കാരെ സയണിസ്റ്റുകളും അമേരിക്കൻ ചാരന്മാരും ഒറ്റുകാരും കപടന്മാരുമായി ഇവർ മുദ്രകുത്തും.

ഘങ്ങൾക്കും പ്രധാനമായുള്ളത്. ഇഖ്‌വാന്റെ ചിന്തയിൽനിന്ന് രൂപംകൊണ്ട അൽക്വാഇദക്കും ഐസിസിനും ഉള്ളതും സമാന നിലപാട് തന്നെ! മുസ്‌ലിം ഭരണകൂടങ്ങളെ അവിശ്വാസികളായി ചിത്രീകരിച്ച് അവർക്കെതിരെ വിപ്ലവം നയിക്കലാണ് ഇവരുടെ മുഖ്യ അജണ്ട. അതിനാലാണ് അവരെ ഖവാരിജുകൾ എന്ന് പണ്ഡിതന്മാർ വിശേഷിപ്പിച്ചതും.

ഖവാരിജുകൾ ചെയ്തുപോന്നതും അവരുടെ പല ആശങ്ങളും പ്രചരിപ്പിക്കുന്ന ഇഖ്‌വാനികൾ ഈ വിഷയത്തിൽ ചെയ്തുകൊണ്ടിരിക്കുന്നതും നന്മ കൽപിക്കലോ തിന്മ വിരോധിക്കലോ അല്ല. മതം പഠിപ്പിച്ച നസ്വീഹത്തുമല്ല.

ജുമുഅ ഖുത്വുബകൾ, പ്രസംഗങ്ങൾ, പുസ്തകങ്ങൾ, പത്രങ്ങൾ, സോഷ്യൽ മീഡിയകൾ തുടങ്ങി സർവ മാധ്യമങ്ങളും ഉപയോഗിച്ച് മുസ്‌ലിം ഭരണാധികാരികൾക്കെതിരെ നിരന്തരം ആക്ഷേപങ്ങൾ ചൊരിയുകയും അവർക്കെതിരെ ജനങ്ങളുടെ വൈകാരികത ഇളക്കിവിടുകയും അവരുടെ മേൽ നിഫാക്വ് (കാപട്യം) ആരോപിക്കുന്നതും ഇഖ്‌വാനികളുടെ പതിവാണ്. ഇത് ഒരിക്കലും അഹ്‌ലുസ്സുന്നയുടെ നിലപാടല്ല.

ഒരു പക്ഷേ, ആക്ഷേപാർഹമായ പല കാര്യങ്ങളും മുസ്‌ലിം ഭരണാധികാരികളിൽ ഉണ്ടെങ്കിൽകൂടി മുസ്‌ലിം എന്ന നാമം അവരിൽ ശേഷിക്കുന്ന കാലത്തോളം, നമസ്കാരം നിലനിർത്തുന്നിടത്തോളം മതവിരുദ്ധമല്ലാത്ത കാര്യങ്ങളിൽ അവരെ അനുസരിക്കൽ നിർബന്ധമാണ് എന്നതാണ് മതം നൽകുന്ന കർശന താക്കീത്. അതേസമയം,ലോകാടിസ്ഥാനത്തിൽ

ഇഖ്വാനികൾ ഇന്ന് മുസ്‌ലിം-അറബ് ഭരണകൂടങ്ങൾക്കെതിരെ തൊടുത്തുവിടുന്ന ആക്ഷേപങ്ങളിൽ മിക്കതും വ്യാജമോ സത്യവും അസത്യവും കൂട്ടിക്കലർത്തിയതോ ആയിരിക്കും! .

ഇസ്‌ലാമിക ഭരണാധികാരികളോടുള്ള വിശ്വാസികളുടെ സമീപനം എങ്ങനെയാകണം എന്നതിനുള്ള ചില തെളിവുകൾ ചുവടെ ചേർക്കുന്നു:

1) നബി(സ്വ) പറഞ്ഞു: 'ആരെങ്കിലും ഭരണാധികാരിയെ ഒരു കാര്യം ഉപദേശിക്കുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ അതവൻ പരസ്യമായി നിർവഹിക്കാതിരിക്കട്ടെ. മറിച്ച് അയാൾ ഭരണാധികാരിയുടെ കൈപിടിച്ച് മറ്റുള്ളവരിൽനിന്ന് ഒഴിഞ്ഞുമാറി ഉപദേശം കൊടുക്കട്ടെ. അങ്ങനെ, അയാൾ ഉപദേശം സ്വീകരിക്കുകയാണെങ്കിൽ നല്ലത്. ഇനി സ്വീകരിച്ചിട്ടില്ലെങ്കിൽ അവന്റെ മേലുള്ള ബാധ്യത നിർവഹിച്ചു കഴിഞ്ഞു' (അഹ്മദ്, ഹാകിം, ശൈഖ് അൽഅൽബാനി സ്വഹീഹാണെന്ന് രേഖപ്പെടുത്തിയത്).

2) ഉസ്മാൻ(റ)വിന്റെ ഭരണകാലത്ത് അദ്ദേഹം കൂഫയിലെ അമീറായി നിശ്ചയിച്ചിരുന്ന അൽവലീദ് ഇബ്നു ഉക്ബ മദ്യപിക്കാറുണ്ടായിരുന്നു. ഈ കാര്യം ഉസ്മാൻ(റ)വിനെ ഉണർത്തുന്നതിനായി ചിലർ ഉസാമത്ത് ഇബ്നു സെയ്ദ്(റ)നോട് ആവശ്യപ്പെട്ടു: 'നിങ്ങൾക്ക് ഖലീഫ ഉസ്മാന്റെ അടുക്കലേക്ക് ചെല്ലുകയും അദ്ദേഹത്തോട് വിഷയം ബോധിപ്പിക്കുകയും ചെയ്തു കൂടേ?' ഉസാമ(റ) പറഞ്ഞു: 'നിങ്ങൾ കേൾക്കാത്തതുകൊണ്ട്, ഞാൻ ഉസ്മാനോട് സംസാരിക്കുന്നില്ല എന്നാണോ നിങ്ങൾ കരുതുന്നത്? ഞാൻ അദ്ദേഹത്തോട് രഹസ്യമായി സംസാരിക്കാറുണ്ട്. എന്നാൽ (കുഴപ്പത്തിന്റെ) കവാടം; അത് ആദ്യമായി തുറക്കുന്നവൻ ഞാനാകാൻ ആഗ്രഹിക്കുന്നില്ല' (ബുഖാരി, മുസ്‌ലിം).

അഥവാ ഖലീഫ ഉസ്മാനെ പരസ്യമായി ഉപദേശിക്കുകയാണെങ്കിൽ പൊതുജനങ്ങളും അത് പിന്തുടർന്ന് അദ്ദേഹത്തിനെതിരെ തിരിയാൻ സാധ്യതയുണ്ട്. അങ്ങനെ മുസ്‌ലിം ഐക്യം തകർക്കപ്പെടും. എന്തായാലും പിന്നീട് കാര്യം ബോധ്യപ്പെട്ട ഉസ്മാൻ(റ) വലീദിനെ ശിക്ഷിക്കുകയും കൂഫയിൽനിന്ന് സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്തു.

ഇമാം നവവി(റഹി)പറഞ്ഞു: 'എന്നാൽ (കുഴപ്പത്തിന്റെ) കവാടം; അത് ആദ്യമായി തുറക്കുന്നവൻ ഞാനാകാൻ ആഗ്രഹിക്കുന്നില്ല' എന്ന് ഉസാമ(റ) പറഞ്ഞതിന്റെ ഉദ്ദേശ്യം ജനമധ്യത്തിൽ ഭരണാധികാരികളെ പരസ്യമായി വിമർശിക്കില്ല എന്നാണ്. ഉസ്മാൻ(റ) വിന്റെ കൊലയാളികൾക്ക് സംഭവിച്ചത് അതാണല്ലോ' (ശർഹു മുസ്‌ലിം 18/160).

ഇബ്നുഹജർ അൽഅസ്ഖലാനി(റഹി) പറഞ്ഞു: 'മുസ്‌ലിം ഐക്യം തകരുമോയെന്ന ഭയത്താൽ പരസ്യമായി ഭരണകൂടത്തെ എതിർക്കില്ലെന്നാണ് ഉസാമ(റ) പറഞ്ഞതിന്റെ ഉദ്ദേശ്യം' (ഫത്ഹുൽബാരി 13/51).

3) ഈ സംഭവവുമായി ബന്ധപ്പെട്ടുതന്നെ കൂഫയിൽ വെച്ച് മദ്യപിക്കാറുണ്ടായിരുന്ന അൽവലീദിന്റെ പിന്നിൽനിന്ന് ഇബ്നു മസ്ഊദി(റ)നെ പോലെയുള്ള പ്രഗൽഭരായ സ്വഹാബികൾ നമസ്കരിക്കാറുണ്ടായിരുന്നു. എത്രത്തോളമെന്നാൽ, ഒരിക്കൽ അൽവലീദ് (മദ്യലഹരിയിൽ) സുബ്ഹ് 4 റക്അത് നിസ്കരിച്ചു. എന്നിട്ട് മറ്റുള്ളവരോട് ചോദിച്ചു: 'നിസ്കാരത്തിൽ എന്തെങ്കിലും കൂടുതൽ ചേർക്കാനുണ്ടോ?' അപ്പോൾ ഇബ്നു മസ്ഊദ്(റ)പറഞ്ഞു: 'ഇന്നത്തെദിവസം ഞങ്ങൾ നിന്റെകൂടെ വർധനവിൽ തന്നെയായിരുന്നു' (അഹ്മദ് 1229, ബൈഹഖി18/318).

അൽവലീദിന്റെ ഭാഗത്തുനിന്നും ഇത്രയും ഗുരുതരമായ വീഴ്ചയുണ്ടായിട്ടുപോലും അയാൾ ഭരണാധികാരിയായതിന്റെ പേരിൽ അയാൾക്കെതിരെ പരസ്യമായി സംഘടിക്കുകയോ വിമർശിക്കുകയോ ആളെക്കൂട്ടുകയോ പ്രക്ഷോഭം നടത്തുകയോ ചെയ്യാതെ പ്രശ്നം പരിഹരിക്കാൻ രഹസ്യമായി ഖലീഫ ഉസ്മാൻ(റ)വിനെ വിവരമറിയിച്ചത് സ്വഹാബികളും താബിഉകളും ഭീരുക്കളായതുകൊണ്ടാണോ, അതല്ല (ഇഖ്‌വാനികൾ ആക്ഷേപിക്കുന്നതുപോലെ) അവരൊക്കെ 'കൊട്ടാര പണ്ഡിതന്മാരും' 'മദ്ഖലികളും' ആയതുകൊണ്ടാണോ?

അറബ് നാടുകളിലെ-പ്രത്യേകിച്ച് സുഊദി അറേബ്യയിലെ-സലഫീ പണ്ഡിതന്മാർ ഈ ദൗത്യമാണ് നിർവഹിച്ചുകൊണ്ടിരിക്കുന്നത്. അവർ മൗനികളും രാജാക്കന്മാരെ തൃപ്തിപ്പെടുത്തി കഴിയുന്നവരുമാണെന്ന് ആരോപിച്ചാണ് പണ്ഡിതന്മാരെയും മറ്റും മുനാഫിഖുകൾ എന്ന് ഇഖ്‌വാനികൾ വിശേഷിപ്പിക്കാറുള്ളത്.

തങ്ങളുടെ ഖവാരിജിയൻ ചെയ്തികൾക്ക് പ്രമാണങ്ങളെയും ചരിത്രസംഭവങ്ങളെയും ഇവർ വളച്ചൊടിക്കാറുണ്ട്. അതിൽ ചിലത് സൂചിപ്പിക്കാം. ശേഷം അതിന്റെ യാഥാർഥ്യവും പറയാം:

1) ഉമർ ഇബ്നുൽ ഖത്വാബ്(റ) യമനിൽനിന്ന് (ബൈതുൽ മാൽ ഉപയോഗിച്ച്) വാങ്ങിയ വസ്ത്രങ്ങളുമായി ഒരു വ്യാഴാഴ്ച ദിവസം മദീനയിലെത്തി. ജനങ്ങൾക്കെല്ലാം ഓരോ വസ്ത്രം വീതം നൽകി. അദ്ദേഹവും ഒരു വസ്ത്രം എടുത്തു. എന്നാൽ ഉമർ(റ)വിന്റെ ശരീരത്തിനും ഉയരത്തിനുമനുസരിച്ച് ആ വസ്ത്രം മതിയാകുമായിരുന്നില്ല. അപ്പോൾ അദ്ദേഹം തന്റെ മകൻ അബ്ദുല്ലക്ക് വിഹിതമായി കിട്ടിയ വസ്ത്രം കൂടി തരണമെന്ന് മകനോട് ആവശ്യപ്പെട്ടു. അബ്ദുല്ല തന്റെ ആ വസ്ത്രം പിതാവിന് നൽകി. തൊട്ടടുത്ത ദിവസം ഈ രണ്ടു വസ്ത്രങ്ങളും ധരിച്ച് ജുമുഅ ഖുതുബ നിർവഹിക്കാൻ ഉമർ(റ) പള്ളി മിമ്പറിൽ കയറി. ശേഷം ജനങ്ങളോട് പറഞ്ഞു: 'നിങ്ങൾ കേട്ടനുസരിക്കുകയും ശ്രദ്ധിക്കുകയും ചെയ്യുക.' അപ്പോൾ സൽമാനുൽ ഫാരിസി(റ) പറഞ്ഞു: 'ഞങ്ങൾ താങ്കളെ കേൾക്കുകയോ അനുസരിക്കുകയോ ചെയ്യില്ല.' കാര്യമെന്താണെന്ന് അന്വേഷിച്ചപ്പോൾ സൽമാൻ(റ) പറഞ്ഞത് 'ജനങ്ങൾക്കെല്ലാം

ഇന്ന് അല്ലാഹുവിന്റെ ദീനും തൗഹീദും ഏറ്റവുമധികം ഉയർത്തിപ്പിടിക്കുന്ന രാജ്യമായ സുഊദി അറേബ്യയോടാണ് ഇക്കൂട്ടർക്ക് ഏറ്റവുമധികം കലിപ്പ്. ശിർക്, ബിദ്അത്തുകൾ പ്രത്യക്ഷമായി തലപൊക്കാത്ത ഏകരാജ്യമാണത്! ഈ രാജ്യത്തോടുള്ള ശത്രുത തൗഹീദിനോടുള്ള ശത്രുതയാണെന്ന് വ്യക്തം. ഭരണാധികാരികളിൽ പോരായ്മകളും വീഴ്ചകളും കണ്ടെന്നുവരാം. അത്തരം സന്ദർഭങ്ങളിൽ പ്രവാചകചര്യയെ സ്നേഹിക്കുന്നവർ ചെയ്യേണ്ടത് ഭരണാധികാരികൾക്കും ആ നാടിനും വേണ്ടി പ്രാർഥിക്കലാണ്. ഇസ്‌ലാമിക രാഷ്ട്രങ്ങൾ രക്തച്ചൊരിച്ചിലുകൾ ഇല്ലാതെ സമാധാനപരമായി നിലനിൽക്കാൻ ആഗ്രഹിക്കുകയാണ് വേണ്ടത്. തൗഹീദിനെയും സുന്നത്തിനെയും സ്നേഹിക്കുന്നവരുടെ ബാധ്യതയാണ്.

ഒരു വസ്ത്രം നൽകിയിട്ട് താങ്കൾ മാത്രമെങ്ങനെ രണ്ടു വസ്ത്രമെടുക്കും' എന്നായിരുന്നു. അപ്പോൾ ഉമർ(റ) മകൻ അബ്ദുല്ലയോട് കാര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടു. മകൻ അബ്ദുല്ല പറഞ്ഞു: 'എന്റെ ഓഹരിയാണ് എന്റെ പിതാവിന് നൽകിയത്.' ഇതു കേട്ട് സത്യം മനസ്സിലാക്കിയ സൽമാൻ(റ) കരഞ്ഞു. എന്നിട്ട് അദ്ദേഹം പറഞ്ഞു: 'ഉമർ, താങ്കൾ ഇനി കൽപിക്കുക, ഞങ്ങൾ കേട്ടനുസരിച്ചു കൊള്ളാം' (അഅ്‌ലാമുൽ മുവക്കിഈൻ 2/ 180).

*വിശദീകരണം:*

ഈ സംഭവം സ്ഥിരപ്പെട്ടിട്ടില്ല. ഇതിന്റെ പരമ്പര സ്വീകാര്യമല്ല. ഇനി, സ്വീകാര്യമായി കരുതിയാലും ഇഖ്‌വാനികൾ ചെയ്യുന്നതും ഇതും തമ്മിൽ എന്ത് ബന്ധം? ഭരണാധികാരിയുടെ ഭാഗത്തുനിന്ന് തെറ്റ് സംഭവിച്ചുവെന്ന് തോന്നിയ സൽമാൻ(റ) അദ്ദേഹത്തിന്റെ സന്നിധിയിൽ നേരിട്ട് തന്നെ എതിർപ്പ് പറഞ്ഞു. അങ്ങനെ ചെയ്യൽ അനുവദനീയമാണെന്ന് മുകളിൽ നാം സൂചിപ്പിച്ചുവല്ലോ. അതിനാൽ ഇഖ്‌വാനികളുടെ ഇന്നത്തെ ചെയ്തികൾക്ക് ഈ സംഭവം (സ്ഥിരപ്പെട്ടതായാൽ തന്നെ) ഒരിക്കലും തെളിവല്ല.

2) ഉമർ(റ)വിന്റെ ഭരണകാലത്ത് ആളുകൾ മഹ്ർ (വിവാഹ മൂല്യം) നൽകുന്നതിൽ വളരെ വലിയ വർധനവ് വരുത്തി. അങ്ങനെയിരിക്കെ, ഒരിക്കൽ മിമ്പറിൽ കയറി ജനങ്ങളെ അഭിമുഖീകരിച്ച് മഹ്ർ വർധിപ്പിക്കുന്നത് അഭികാമ്യമല്ലെന്ന് അദ്ദേഹം അറിയിച്ചു. മഹ്ർ നൽകുമ്പോൾ പരമാവധി 400 ദിർഹമിൽ കൂടരുതെന്ന് കൽപിച്ചു. അദ്ദേഹം മിമ്പറിൽനിന്ന് ഇറങ്ങിയതിനുശേഷം ഒരു സ്ത്രീ അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു പറഞ്ഞു: '400 ദിർഹമിൽ കൂടുതൽ മഹ്ർ നൽകുന്നത് താങ്കൾ വിലക്കി. എന്നാൽ അല്ലാഹുവിന്റെ ഈ വചനം താങ്കൾ കേട്ടിട്ടില്ലേ?-'അവരിൽ ഒരുവൾക്ക് നിങ്ങൾ ഒരു കൂമ്പാരം തന്നെ കൊടുത്തിട്ടുണ്ടായിരുന്നുവെങ്കിലും അതിൽനിന്ന് യാതൊന്നുംതന്നെ നിങ്ങൾ തിരിച്ചുവാങ്ങരുത്' (അന്നിസാഅ് 20).

ഇതു കേട്ട ഉമർ(റ) പറഞ്ഞു: 'ജനങ്ങൾക്കെല്ലാം ഉമറിനെക്കാൾ വിവരമുണ്ടല്ലോ!' ശേഷം വീണ്ടും മിമ്പറിൽ കയറി ജനങ്ങളോട് ആ നിയമം പിൻവലിച്ചതായി അറിയിച്ചു. (തഫ്സീർ ഇബ്നു കസീർ, തഫ്സീറുൽ ക്വുർത്വുബി-സൂറതുന്നിസാഇന്റെ 20ാം ആയത്തിന്റെ വിശദീകരണം).

*വിശദീകരണം:*

ഇതും മേൽസംഭവത്തിന് സമാനമാണ്. ഭരണാധികാരിയെ അദ്ദേഹത്തിന്റെ സാന്നിധ്യത്തിൽ നേരിട്ട് കണ്ടു തിരുത്തി എന്നാണ് സംഭവത്തിലുള്ളത്. അത് അനുവദനീയമാണ്. ഇതിലും ഇഖ്‌വാനികൾക്ക് തെളിവില്ല.

3) അബ്ദുല്ലാഹിബ്നു സുബൈർ(റ)വിനെ വധിച്ചശേഷം അൽഹജ്ജാജ് ഇബ്നു യൂസുഫ് ഹിജാസിന്റെ അമീറായി. ഒരു ഹജ്ജിന്റെ സീസണിൽ പെരുന്നാൾ ദിനങ്ങളിൽ ഹജ്ജാജും സംഘവും ആയുധവുമായാണ് സഞ്ചരിച്ചിരുന്നത്. മിനായിൽ വെച്ച് സ്വഹാബിവര്യൻ അബ്ദുല്ലാഹിബ്നു ഉമറി(റ)ന്റെ കാലിൽ കുന്തം തറച്ചു മുറിവായി. ഇതറിഞ്ഞ ഹജ്ജാജ് ഇബ്നു ഉമർ(റ)വിനോട് പറഞ്ഞു: 'ആരാണ് ഇതിന് ഉത്തരവാദിയെന്ന് താങ്കൾ പറഞ്ഞാൽ അവനെ ഞാൻ കൈകാര്യം ചെയ്തോളാം.' അപ്പോൾ ഇബ്നു ഉമർ(റ) പറഞ്ഞു: 'നീ തന്നെയാണ് ഇതിനു കാരണം. ആയുധം പുറത്തെടുക്കാൻ പാടില്ലാത്ത പെരുന്നാൾ ദിവസത്തിലും ഹറമിനുള്ളിൽ നീ ആയുധവുമായി നടന്നില്ലേ?' (ബുഖാരി 966).

*വിശദീകരണം:*

ഈ സംഭവത്തിലും ഭരണാധികാരിയോട് നേരിട്ട് അയാളുടെ സന്നിധിയിലാണ് തെറ്റിനെ എതിർക്കുന്നത്. കൂടുതൽ കുഴപ്പമുണ്ടാ

കാൻ സാധ്യതയില്ലെങ്കിൽ അതനുവദനീയമാണ്. ഇതും ഇവർക്ക് തെളിവല്ല എന്നർഥം.

4) താബിഇയായ ത്വാരിഖ് ഇബ്നു ശിഹാബ് (റഹി) നിവേദനം ചെയ്യുന്നു: 'പെരുന്നാൾ നമസ്കാരത്തിനു മുമ്പ് ഖുത്വുബ നിർവഹിക്കുന്ന രീതി ആദ്യമായി തുടങ്ങിവച്ചത് മർവാൻ ആയിരുന്നു. ഒരിക്കൽ അങ്ങനെ ചെയ്യുന്ന സന്ദർഭത്തിൽ ഒരാൾ മർവാന്റെ അടുക്കലേക്ക് ചെന്നു പറഞ്ഞു: 'ഖുത്വുബയ്ക്ക് മുമ്പ് നമസ്കാരമാണ് നിർവഹിക്കേണ്ടത്.' അത് കേട്ട മർവാൻ പ്രതികരിച്ചു: 'നമസ്കാരം കഴിഞ്ഞാൽ ആളുകൾ ഖുത്വുബയ്ക്ക് ഇരിക്കാതെ സ്ഥലം വിടുന്നു' (അതിനാലാണ് ആദ്യം ഖുത്വബ നിർവഹിക്കുന്നത്).

ഈ സന്ദർഭത്തിൽ സ്വഹാബിയായ അബൂസഈദ് അൽ ഖുദ്രിയ്യ്(റ)പറഞ്ഞു: 'ഈവ്യക്തി അയാളുടെ ബാധ്യത നിർവഹിച്ചു കഴിഞ്ഞു. അല്ലാഹുവിന്റെ റസൂൽ(സ്വ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്: 'നിങ്ങളാരെങ്കിലും ഒരു തിന്മ കണ്ടാൽ അവൻ കൈകൊണ്ടതിനെ തടുക്കട്ടെ. അതിന് സാധ്യമല്ലെങ്കിൽ അവൻ നാവുകൊണ്ട് എതിർക്കട്ടെ. അതിനും കഴിഞ്ഞില്ലെങ്കിൽ മനസ്സിൽ വെറുക്കുകയെങ്കിലും ചെയ്യുക. അത് ഈമാനിന്റെ ഏറ്റവും ദുർബലാവസ്ഥയാകുന്നു' (ബുഖാരി, മുസ്‌ലിം).

*വിശദീകരണം:*

മുആവിയ(റ) തന്റെ ഭരണകാലത്ത് മർവാൻ ഇബ്നുൽ ഹകമിനെ മദീനയുടെ അമീറായി നിശ്ചയിച്ചിരുന്നു. പെരുന്നാൾ നമസ്കാരത്തിന് ശേഷം ഖുത്വുബ നിർവഹിക്കലാണ് പ്രവാചകചര്യ. അതിനു വിരുദ്ധമായി ചെയ്തതിനാലാണ് മർവാൻ എതിർക്കപ്പെട്ടത്.

ഇതും മേൽ സൂചിപ്പിച്ച സംഭവങ്ങൾക്ക് സമാനമാണ്. ഭരണാധികാരിയുടെ സന്നിധിയിൽ നേരിട്ട് എതിർക്കുന്നത് തെറ്റല്ല. എന്നാൽ അത്തരം സന്ദർഭങ്ങളിൽ ശ്രദ്ധിക്കേണ്ടത് എതിർക്കുന്നതിലൂടെ കൂടുതൽ കുഴപ്പങ്ങൾ ഉണ്ടാകാൻ കാരണമാകുമെങ്കിൽ ഒഴിവാക്കണം എന്നാണ്.

എന്നാൽ ഇഖ്വാനികളും നമ്മുടെ നാട്ടിലെ ജമാഅത്തെ ഇസ്‌ലാമിക്കാരും അറബ് നാടുകളിലെ ഭരണാധികാരികളുടെ അപാകതകൾ എടുത്തുകാട്ടുന്നത് ഇങ്ങനെയാണോ?

ഇവർ ജനമധ്യത്തിൽ ഉയർത്തിക്കാണിക്കാറുള്ള വിമർശനങ്ങൾ മിക്കതും അസത്യങ്ങളും സത്യവും കൂട്ടിക്കലർത്തി വക്രീകരിച്ചുകൊണ്ടുള്ളതാണ്. മുനാഫിഖുകൾ, മതത്തിൽനിന്ന് തെറിച്ചവർ, ഒറ്റുകാർ, കാലുവാരികൾ...തുടങ്ങിയ ആക്ഷപങ്ങളും ഇവരിൽനിന്ന് കേൾക്കാം.

നമ്മുടെ നാട്ടിലെ ചിലർ ധരിച്ചിട്ടുള്ളത്; നമുക്ക് ലോകത്തുള്ള മുസ്‌ലിം രാജ്യങ്ങളുമായി ബൈഅത്തില്ലാത്തതിനാൽ ഇത്തരം വിപ്ലവാത്മക ചെയ്തികളെ നമ്മുടെ നാട്ടിലിരുന്നുകൊണ്ട് സോഷ്യൽ മീഡിയകളിലൂടെയും പത്രമാധ്യമങ്ങളിലൂടെയും പിന്തുണക്കുന്നത് പ്രശ്നമില്ലെന്നാണ്.

തികച്ചും അബദ്ധജഡിലമായ ധാരണയാണിത്. നമ്മൾ എവിടെനിന്ന് വിമർശനങ്ങൾ തൊടുത്താലും അത് പ്രസ്തുത മുസ്‌ലിം നാടുകളിൽ സ്വാധീനമുണ്ടാക്കും എന്നതിൽ തർക്കമില്ല. അത് ആ രാജ്യങ്ങളെ അരക്ഷിതാവസ്ഥയിലേക്ക് നയിക്കും. അതിനാലാണ് പണ്ഡിതന്മാർ ഇതര നാടുകളിൽ ഉള്ളവരാണെങ്കിലും അത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടരുതെന്നും അത് നിഷിദ്ധമാണെന്നും പഠിപ്പിക്കുന്നത്.

അല്ലാഹു പറഞ്ഞു: "പുണ്യത്തിലും ധർമനിഷ്ഠയിലും നിങ്ങൾ അന്യോന്യം സഹായിക്കുക; പാപത്തിലും അതിക്രമത്തിലും നിങ്ങൾ അന്യോന്യം സഹായിക്കരുത്. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു കഠിനമായി ശിക്ഷിക്കുന്നവനാകുന്നു" (അൽമാഇദ 2).

ഇന്ന് അല്ലാഹുവിന്റെ ദീനും തൗഹീദും ഏറ്റവുമധികം ഉയർത്തിപ്പിടിക്കുന്ന രാജ്യമായ സുഊദി അറേബ്യയോടാണ് ഇക്കൂട്ടർക്ക് ഏറ്റവുമധികം കലിപ്പ്. ശിർക്, ബിദ്അത്തുകൾ പ്രത്യക്ഷമായി തലപൊക്കാത്ത ഏകരാജ്യമാണത്! ഈ രാജ്യത്തോടുള്ള ശത്രുത തൗഹീദിനോടുള്ള ശത്രുതയാണെന്ന് വ്യക്തം.

ഭരണാധികാരികളിൽ പോരായ്മകളും വീഴ്ചകളും കണ്ടെന്നുവരാം. അത്തരം സന്ദർഭങ്ങളിൽ പ്രവാചകചര്യയെ സ്നേഹിക്കുന്നവർ ചെയ്യേണ്ടത് ഭരണാധികാരികൾക്കും ആ നാടിനും വേണ്ടി പ്രാർഥിക്കലാണ്. ഇസ്‌ലാമിക രാഷ്ട്രങ്ങൾ രക്തച്ചൊരിച്ചിലുകൾ ഇല്ലാതെ സമാധാനപരമായി നിലനിൽക്കാൻ ആഗ്രഹിക്കുകയാണ് വേണ്ടത്. തൗഹീദിനെയും സുന്നത്തിനെയും സ്നേഹിക്കുന്നവരുടെ ബാധ്യതയാണത്. ■

# ഡോ.പി.അബൂബക്കർ: വിട പറഞ്ഞ മഹാ പ്രതിഭ

പ്രശസ്തനായ നേത്രരോഗ വിദഗ്ധൻ, ആതുരസേവ നരംഗത്തെ നിഷ്കാമ കർമയോഗി, ജനഹൃദയങ്ങളിൽ സ്ഥാനം പിടിച്ച സാമൂഹികസേവകൻ, ഖുർആനിക വിജ്ഞാനങ്ങളെ ഉപാസിച്ച മഹാ ചിന്തകൻ, ആധുനികശാസ്ത്രത്തിന്റെ വെളിച്ചത്തിൽ ദൈവവിശ്വാസത്തെ സമർഥിച്ച ധിഷണാശാലി; അന്തരിച്ച ഡോ.പി.അബൂബക്കറിനെ വിശേഷിപ്പിക്കാൻ ഇനിയുമെത്രയോ വിശേഷണങ്ങളുണ്ട്.

1940 ഏപ്രിൽ ഒന്നിന് അരീക്കോട്ട് ജനിച്ച അദ്ദേഹം ആലുവ യുസി കോളേജ്, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ പഠനം പൂർത്തിയാക്കിയാണ് ആതുരസേവന മേഖലയിലേക്ക് കടന്നുവന്നത്. 1966 ഫെബ്രുവരി 18ന് പരപ്പനങ്ങാടി നെടുവ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഔദ്യോഗികജീവിതം ആരംഭിച്ച അദ്ദേഹം വേങ്ങര, കോഴിച്ചെന, കളിയാട്ടമുക്ക്, തിരൂർ, തിരൂരങ്ങാടി എന്നിവിടങ്ങളിലെ സർക്കാർ ആശുപത്രികളിൽ സേവനമനുഷ്ഠിച്ചു. 1990ൽ സർക്കാർ സർവീസിൽനിന്ന് വിരമിച്ചെങ്കിലും അന്ത്യം വരെ നാട്ടുകാരുടെ പ്രിയപ്പെട്ട ഡോക്ടറായി ആതുര സേവനരംഗത്ത് തുടർന്നു. 1996ൽ തിരൂരങ്ങാടി എംകെ ഹാജി ആശുപത്രി ആരംഭിച്ചപ്പോൾ പ്രഥമ മെഡിക്കൽ ഓഫീസറായി ചുമതലയേറ്റ അദ്ദേഹം പള്ളിപ്പടി കരുണ കാൻസർ ഹോസ്പിറ്റലിന്റെ ചെയർമാനായും പ്രവർത്തിച്ചു. 1999 മുതൽ 2005 വരെ യു.എ.ഇയിലെ അൽഐനിലും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

**ജനകീയ ഡോക്ടർ**

ഒരു ഡോക്ടർ എങ്ങനെയായിരിക്കണം സമൂഹത്തിൽ ജീവിക്കേണ്ടത് എന്ന് സ്വന്തം ജീവിതത്തിലൂടെ അദ്ദേഹം തെളിയിച്ചു. വാഹനസൗകര്യങ്ങളില്ലാതിരുന്ന കാലത്ത് കുണ്ടും കുഴികളും നിറഞ്ഞ റോഡുകളിലൂടെ കിലോമീറ്ററുകൾ നടന്നും തോണിയിൽ സഞ്ചരിച്ചും അദ്ദേഹം നടത്തിയ സേവനങ്ങൾ പഴമക്കാർ ഏറെ വിസ്മയത്തോടെ അനുസ്മരിക്കുന്നു. ക്ഷയരോഗമടക്കമുള്ള ആരോഗ്യപ്രശ്നങ്ങൾ അലട്ടിയിരുന്ന മത്സ്യത്തൊഴിലാളികളുടെ വീടുകളിൽ ബാഗും കിറ്റുമായി ചെന്ന് അവർക്ക് ആശ്വാസമായി. ആരോഗ്യസേവനങ്ങൾ മാത്രമല്ല, ആരുമറിയാതെ അവർക്ക് സാമ്പത്തികസഹായം നൽകുകയും ചെയ്തിരുന്നു. പ്രസവം ഒരു വലിയ പ്രശ്നമായിരുന്ന അക്കാലത്ത് ആശുപത്രികളിൽ സൗകര്യങ്ങൾ കുറവായിരുന്നു. ഒരു ഗൈനക്കോളജിസ്റ്റ് പോലുമല്ലാതിരുന്ന അദ്ദേഹം വീടുകളിൽ ചെന്ന് സഹോദരിമാർക്ക് വേണ്ടി ചെയ്ത സേവനങ്ങൾ വലുതായിരുന്നു.

**തിരിച്ചറിയപ്പെട്ട സേവനമുദ്രകൾ**

ഡോക്ടറുടെ സേവനമുദ്രകൾ തിരിച്ചറിഞ്ഞ മുൻ ഉപമുഖ്യമന്ത്രി കെ.അവുക്കാദർകുട്ടി നഹ അദ്ദേഹത്തിലൂടെ തിരൂരങ്ങാടി ഗവ.ആശുപത്രിയിലും സമീപപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും വികസനത്തിന്റെ രജതരേഖകൾ വരച്ചു. മുൻ സ്പീക്കർ ചാക്കീരി അഹമ്മദ് കുട്ടിയുമായി അദ്ദേഹത്തിനുണ്ടായിരുന്ന ഊഷ്മളബന്ധം വേങ്ങരയിലെ ആരോഗ്യമേഖലക്ക് കരുത്തായി മാറുകയും ചെയ്തു. അനാഥകളുടെ തോഴനായിരുന്ന മഹാനായ എം.കെ.ഹാജി ഡോക്ടറുടെ സേവനങ്ങളെ ഏറെ തിരിച്ചറിഞ്ഞ വ്യക്തിയായിരുന്നു. എം.കെ.ഹാജിയുടെ അഭ്യർഥന പ്രകാരം തിരൂരങ്ങാടി യതീംഖാനയിലെ അനാഥമക്കളുടെ അത്താണിയാവാൻ അദ്ദേഹത്തിന് അവസരം ലഭിച്ചു. മാരകമായ പല അസുഖങ്ങളും പകർച്ചവ്യാധികളും അനാഥകളെ ബാധിച്ചപ്പോഴെല്ലാം എല്ലാം മറന്ന് അവരുടെ കണ്ണീരൊപ്പാൻ അദ്ദേഹം മുൻപന്തിയിൽ നിന്നു.

**പണ്ഡിതനല്ലാത്ത പണ്ഡിതൻ**

അരീക്കോട്ടെ സ്കൂൾ വിദ്യാഭ്യാസ കാലത്ത് തന്നെ അദ്ദേഹം പള്ളിദർസിൽ കിതാബോതി മതപാണ്ഡിത്യം കൂടി കരസ്ഥമാക്കിയിരുന്നു. അറബി വ്യാകരണത്തിൽ വലിയ വ്യുല്പത്തി നേടിയിരുന്ന അദ്ദേഹം സ്വന്തമായി ഏഴു വാല്യങ്ങളുള്ള വിശുദ്ധ ഖുർആൻ ഇൻഡക്സ് തയ്യാറാക്കിയിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ പഠിക്കുന്ന കാലത്ത് തന്നെ കെ.എം.മൗലവി, എൻ.വി. അബ്ദുസ്സലാം മൗലവി തുടങ്ങിയ പണ്ഡിതശ്രേഷ്ഠരുമായി അദ്ദേ

ഹം ബന്ധം സ്ഥാപിച്ചിരുന്നു. മരണം വരെ ഒരു ഖുർആൻ വിദ്യാർഥിയാവണം എന്നതായിരുന്നു അദ്ദേഹത്തിന്റെ അഭിലാഷം. മുഹമ്മദ് അമാനി മൗലവി(റഹി) യുടെ വിശുദ്ധ ഖുർആൻ വിവരണത്തിന്റെ പ്രഥമ കമ്മിറ്റിയിലെ അംഗം കൂടിയായിരുന്നു അദ്ദേഹം. കേരള നദ്‌വത്തുൽ മുജാഹിദീൻ മലപ്പുറം വെസ്റ്റ് ജില്ലാ പ്രസിഡണ്ടായി ദീർഘകാലം പ്രവർത്തിച്ചിട്ടുണ്ട്.

### ഇസ്‌ലാഹീ അമക്കാരൻ

ജീവിച്ച പ്രദേശങ്ങളിൽ ഇസ്‌ലാഹിന്റെയും തൗഹീദിന്റെയും വെള്ളിവെളിച്ചം പ്രസരിപ്പിക്കുന്നതിൽ പ്രത്യേകം താല്പര്യമെടുത്തു കൊണ്ട് അദ്ദേഹം മുന്നേറി.

1970 കളുടെ തുടക്കത്തിൽ വേങ്ങര പ്രാഥമികരോഗ്യ കേന്ദ്രത്തിൽ ജോലി ചെയ്യുമ്പോൾ പികെഎം അബ്ദുൽ മജീദ് മദനിയുമായി ചേർന്ന് അദ്ദേഹം നടത്തിയ പ്രവർത്തനത്തിന്റെ ഫലമാണ് വേങ്ങര ഹൈസ്കൂളിനടുത്തുള്ള 'മനാറുൽ ഹുദ' എന്ന പേരിൽ അറിയപ്പെടുന്ന മുജാഹിദ് പള്ളി.

1975ൽ ചെമ്മാട്ടെ ഗവ. ഹോസ്പിറ്റലിലേക്ക് മാറിയതോടെ അദ്ദേഹം ചെമ്മാട്ടും ഇസ് ലാഹി കേന്ദ്രത്തിന് വേണ്ടി യത്നിച്ചു. പികെ അഹ്മദലി മദനിയോടൊപ്പം ചേർന്ന് അദ്ദേഹം അത് സാധ്യമാക്കി. അതാണ് ചെമ്മാട് സലഫി മസ്ജിദ്. മരണം വരെ ആ പള്ളിയുമായി അദ്ദേഹത്തിനുണ്ടായിരുന്ന വൈകാരിക ബന്ധം വളരെ വലുതായിരുന്നു. ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട ദിവസം പോലും വളരെ പ്രയാസപ്പെട്ട് സ്വുബ്ഹി നമസ്കാരത്തിൽ അദ്ദേഹം പങ്കെടുത്തിരുന്നു.

തിരൂരങ്ങാടിയുടെയും പരപ്പനങ്ങാടിയുടെയും പരിസര പ്രദേശങ്ങളിൽ പിന്നീട് നിർമിക്കപ്പെട്ട മുജാഹിദ് പള്ളികളുടെ സാക്ഷത്കാരത്തിന് പിന്നിൽ അദ്ദേഹത്തിന്റെ സംഭാവനകൾ വിസ്മരിക്കാൻ കഴിയില്ല.

### ഖുർആൻ പഠിതാവ്

ഇസ്‌ലാമിക വിജ്ഞാനവും ഖുർആൻ ആശയങ്ങളും പഠിക്കണമെന്ന അദമ്യമായ ആഗ്രഹവും ജനങ്ങളെ അത് പഠിപ്പിക്കണമെന്ന ഉൽക്കടമായ താല്പര്യവും മാത്രമാണ് അദ്ദേഹത്തെ മത പ്രവർത്തന മേഖലയിലേക്ക് തിരിച്ചത്. അദ്ദേഹം എല്ലാ മുസ്‌ലിം വിഭാഗങ്ങളുമായും നാനാജാതി മതസ്ഥരുമായും അടുത്ത ബന്ധം പുലർത്തി.

### പുതുതലമുറയുമായി ഈടുറ്റ ബന്ധം

വിശുദ്ധ ഖുർആനിൽ നിന്ന് ലഭിക്കുന്ന ശാസ്ത്രസൂചനകളിൽ പലതും അദ്ദേഹം പുതിയ തലമുറയിലെ വിദ്യാർഥികളോട് സംവദിക്കാൻ താല്പര്യം കാണിച്ചിരുന്നു. വളരെ കൗതുകത്തോടെ വിദ്യാർഥികൾ അത് ശ്രദ്ധിക്കുകയും പലരുടെയും പഠനഗവേഷണങ്ങളിൽ അത് വെളിച്ചമായിത്തീരുകയും ചെയ്തു.

### വീടൊരു വിജ്ഞാന കേന്ദ്രം

ചെമ്മാട്ടെ അദ്ദേഹത്തിന്റെ വീട് ഒരു വൈജ്ഞാനിക ചർച്ചാ കേന്ദ്രം കൂടിയായിരുന്നു. ഡോ.എം. ഉസ്മാൻ, കെ.പി.മുഹമ്മദ് മൗലവി, ചെറിയമുണ്ടം അബ്ദുൽഹമീദ് മദനി, സി.പി ഉമർ സുല്ലമി, കെ.കെ. മുഹമ്മദ് സുല്ലമി, എസ്.എം.ഐദീദ് തങ്ങൾ തുടങ്ങിയ പ്രമുഖരായ പല പണ്ഡിതന്മാരും അവരുടെ ധൈഷണിക സംഭാവനകൾ പങ്കുവെച്ചിരുന്ന ഇടംകൂടിയായിരുന്നു അത്. ഭാര്യാപിതാവും ഗണിതശാസ്ത്രജ്ഞനും ഫാറൂഖ് കോളേജ് മുൻ പ്രിൻസിപ്പാളുമായിരുന്ന പ്രൊഫ.എൻ.വി.ബീരാൻ, പി.എസ്.എം.ഒ കോളേജ് മുൻ പ്രിൻസിപ്പാൾ പ്രൊഫ.കെ.അഹമ്മദ്കുട്ടി, എഞ്ചിനീയർ എ. എം ഉസ്മാൻ സാഹിബ് തുടങ്ങിയവരെല്ലാം പ്രസ്തുത ചർച്ചകളിലെ വൈജ്ഞാനിക അലങ്കാരങ്ങളായിരുന്നു. നാസ്തികതയും ലിബറലിസവും അരങ്ങുവാഴുന്ന കാലത്ത് ഖുർആനിനോടും ശാസ്ത്രത്തോടും അദ്ദേഹം സ്വീകരിച്ച സമീപനം പുതുതലമുറക്ക് മാതൃകയാണ്.

### വിസ്ഡം ഹെൽത്ത് കെയറിൽ

1987ൽ കുറ്റിപ്പുറത്തു വച്ച് നടന്ന മുജാഹിദ് സംസ്ഥാന സമ്മേളനത്തിൽ രൂപീകരിച്ച ഐഎംബിയുടെ സംസ്ഥാന വൈസ് ചെയർമാനായിരുന്നു ഡോക്ടർ. 2013 മുതൽ കരുണ കാൻസർ ഹോസ്പിറ്റലിൻെറ ചെയർമാനാണ്. നിലവിൽ വിസ്ഡം ഹെൽത്ത് കെയറിൻെറ വൈസ് ചെയർമാൻ കൂടിയായിരുന്നു. വിസ്ഡം ജന. സെക്രട്ടറി ടി.കെ അശ്റഫ്, ഫൈസൽ മൗലവി എന്നിവരുമായി ഹെൽത്ത് കെയറിൻെറ വിഷയത്തിലും സംഘടനാ കാര്യങ്ങളിലും നിരന്തരം ബന്ധപ്പെട്ടിരുന്നു..

ഏതൊരു മനുഷ്യനെയും ചരിത്രം രേഖപ്പെടുത്തുന്നത് അദ്ദേഹത്തിന്റെ ജനങ്ങളുമായുള്ള ആത്മാർഥമായ ബന്ധത്തിന്റെയും അദ്ദേഹം സ്വാംശീകരിച്ച വിജ്ഞാനത്തിന്റെയും ചിന്തയുടെയും സംസ്കാരത്തിന്റെയും അടിസ്ഥാനത്തിലാണ്. ആരോഗ്യമേഖല കച്ചവടവൽക്കരിക്കപ്പെട്ടിരിക്കുന്ന കാലത്ത് താൻ പഠിച്ച വൈദ്യശാസ്ത്രത്തെ സേവനമായി കാണുകയും ആരോഗ്യശാസ്ത്രത്തിന് ഹൃദയഭാഷ്യം സമ്മാനിക്കുകയും ചെയ്ത അദ്ദേഹം തീർച്ചയായും ചരിത്രത്തിലെ ഒരു വിസ്മയമായി അവശേഷിക്കും. ■

അൻവർ അബൂബക്കർ



# ഹാറൂത്തും മാറൂത്തും

അല്ലാഹു പറഞ്ഞു: "സുലൈമാൻ അവിശ്വസിച്ചിട്ടില്ലതാനും. എങ്കിലും, മനുഷ്യർക്ക് 'സിഹ്ർ' പഠിപ്പിച്ചു കൊണ്ട് പിശാചുക്കളത്രെ അവിശ്വസിച്ചത്. ബാബിലോണിൽ ഹാറൂത്തും മാറൂത്തുമെന്ന രണ്ട് മലക്കുകൾക്ക് ഇറക്കപ്പെട്ടതും (അവർ പിൻപറ്റി). 'ഞങ്ങൾ ഒരു പരീക്ഷണം മാത്രമാണ്, അതിനാൽ നീ അവിശ്വസിച്ചുപോകരുത്' എന്ന് പറയാതെ ഒരാൾക്കും അവർ രണ്ടാളും പഠിപ്പിച്ചിരുന്നതുമില്ല. (അൽബകഃറ: 102).

'ബാബിലോണിൽ ഹാറൂത്തും മാറൂത്തുമെന്ന രണ്ടു മലക്കുകൾക്ക് ഇറക്കപ്പെട്ടതും' എന്ന് പറഞ്ഞതിലെ 'മലകൈനി' എന്ന പദം വിശദീകരിക്കുന്നതിൽ ക്വുർആൻ വ്യാഖ്യാന പണ്ഡിതൻമാർക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ട്. ചിലർ ഇതിന്റെ

> സുലൈമാൻ നബി(അ) ഒരിക്കലും സിഹ്ർ ഉപയോഗിച്ചിട്ടില്ല, പഠിച്ചിട്ടില്ല, അതു മറ്റുള്ളവരെ പഠിപ്പിച്ചിട്ടുമില്ല. പക്ഷേ, പിശാചുകൾ മനുഷ്യരെ തെറ്റായ വഴിയിലേക്ക് നയിക്കുന്ന തങ്ങളുടെ ദുഷ്ടപദ്ധതിയുടെ ഭാഗമായി സിഹ്റിന്റെ അറിവ് ജനങ്ങളിൽ പ്രചരിപ്പിക്കുകയായിരുന്നു. അതിനുശേഷം അതിന്റെ ഉത്തരവാദിത്തം സുലൈമാൻ നബി(അ)യിലേക്ക് ചേർത്തുപറയുകയും ചെയ്തു. ഒരു പ്രവാചകന് അല്ലാഹുവിൽനിന്നും ലഭിച്ച അനുഗ്രഹത്തെ മറപ്പിക്കുംവിധമായിരുന്നു അവരുടെ കുപ്രചരണങ്ങൾ.

അർഥം മലക്കുകളെപ്പോലെ ശുദ്ധൻമാരായ മനുഷ്യർ എന്നായും, മറ്റുചിലർ യഥാർഥത്തിൽ ദൈവദൂതന്മാരായ മലക്കുകളെയാണ് ഉദ്ദേശിച്ചതെന്നും വ്യാഖ്യാനിക്കുന്നു.

അമാനി മൗലവി(റഹി) വിശദീകരിച്ചു: "(മലകൈനി) എന്ന് പറഞ്ഞത് രണ്ട് യഥാർഥ മലക്കുകളെ ഉദ്ദേശിച്ചുതന്നെയാണെന്നത്രെ ഭൂരിപക്ഷാഭിപ്രായം. മലക്കുകളെപ്പോലെ ശുദ്ധൻമാരായ-ശുദ്ധൻമാരും നല്ലവരുമെന്ന് കരുതപ്പെടുന്ന-രണ്ട് മനുഷ്യൻമാർ എന്നാണുദ്ദേശ്യമെന്നും അഭിപ്രായമുണ്ട്. (മലികൈനി) എന്നും ആ വാക്ക് വായിക്കപ്പെട്ടിട്ടുണ്ട് താനും. രാജാക്കൾ എന്നായിരിക്കും അപ്പോൾ അതിനർഥം. യഥാർഥ മലക്കുകൾ തന്നെ എന്നുള്ളതാണ് കൂടുതൽ ബലപ്പെട്ട അഭിപ്രായം. മലക്കുകൾ മനുഷ്യ രൂപത്തിൽ പ്രത്യക്ഷപ്പെടുകയും, ജനങ്ങളുമായി ഇടപെടുകയും ചെയ്യുന്നത് അസാധാരണമാണെങ്കിലും അതിൽ അസാംഗത്യമായി ഒന്നുമില്ല. ഉദ്ദേശിച്ചതുപോലെയുള്ള രൂപത്തിൽ പ്രത്യക്ഷപ്പെടുവാൻ കഴിവുള്ളവരാണ് മലക്കുകൾ. തുടർന്നു പറയുന്നതുപോലെ ഒരു പരീക്ഷണമായിരുന്നു അതെന്നു കൂടി വരുമ്പോൾ, അതൊട്ടും വിദൂരമല്ലതാനും. ഇബ്റാഹീം നബി(അ)യുടെ അടുക്കൽ അതിഥികളുടെ രൂപത്തിലും, ലൂത്വ് നബി(അ)യുടെ അടുക്കൽ സുന്ദരൻമാരായ യുവാക്കളുടെ രൂപത്തിലും, മർയം(അ)ന്റെ അടുക്കൽ പുരുഷരൂപത്തിലും മലക്കുകൾ ചെന്നത് ക്വുർആനിൽതന്നെ പ്രസ്താവിക്കപ്പെട്ടതാണല്ലോ. ഒരിക്കൽ സ്വഹാബികൾക്ക് അപരിചിതനായ ഒരാൾ വന്നു നബി(സ്വ)യോട് പലതും ചോദിച്ചറിഞ്ഞു പോയശേഷം, അത് ജിബ്രീൽ(അ) ആയിരുന്നുവെന്നും, മതകാര്യങ്ങൾ ചോദിച്ചറിയുന്നതെങ്ങനെയെന്ന് നിങ്ങൾക്ക് കാണിച്ചുതരുവാൻ വേണ്ടി വന്നതായിരുന്നു അദ്ദേഹമെന്നും നബി(സ്വ) പറഞ്ഞതായി മുസ്‌ലിം(റഹി) ഉദ്ധരിച്ച ഒരു പ്രസിദ്ധ ഹദീസിലും കാണാം" (തഫ്സീർ അമാനി, സൂറഃ അൽബക്വറ 102ന്റെ വ്യാഖ്യാനം)

ഈ ചരിത്രസംഭവം ബാബിലോണിലാണ് നടക്കുന്നത്. ഫലസ്തീൻ പ്രദേശത്ത് താമസിച്ചിരുന്ന ബനൂ ഇസ്റാഈല്യർ എങ്ങനെ ഇറാഖിലെ ബാബിലോണിൽ എത്തിച്ചേർന്നുവെന്ന് ചിലർ ചിന്തിക്കാനിടയുണ്ട്. ബി.സി. 604 മുതൽ ബി.സി. 561 വരെ ബാബിലോൺ ഭരിച്ച ദുഷ്ടനായ ബുഖ്തുനസർ രാജാവാണ് ഇതിനുള്ള കാരണം. അയാളുടെ ആക്രമണത്തിന്റെയും നിർദയതയുടെയും ഇരയായിട്ടാണ് ബനൂ ഇസ്റാഈൽ ജനത ബാബിലോണിലേക്ക് നാടുകടത്തപ്പെടുന്നത്. ലോകചരിത്രത്തിൽ, ഫിർഔനിനു പിന്നാലെ ബനൂഇസ്റാഈല്യരെ അതിക്രൂരമായി പീഡിപ്പിച്ച രാജാവായി ബുഖ്തുനസർ അറിയപ്പെടുന്നത്. അത്രത്തോളം ക്രൂരനും തീവ്രാധിപത്യവുമുള്ള ഭരണാധികാരിയായിരുന്നു അയാൾ. ഈ അക്രമിയുടെ ഭരണകാലത്ത്, ബൈതുൽ മുക്വദ്ദസിലെ പള്ളി, മതപരവും സാംസ്കാരികവുമായ അവരുടെ ചിഹ്നങ്ങൾ, പൈതൃകങ്ങൾ തുടങ്ങി എല്ലാം നശിപ്പിക്കപ്പെട്ടു. തങ്ങളുടെ സ്വത്തുക്കളെല്ലാം നഷ്ടമായതിനുശേഷം, ഇസ്റാല്യരിലെ നിരവധി ജനതയെയും നിരപരാധികളെയും തടവിലാക്കി ബാബിലോണിലേക്ക് അയാൾ കൊണ്ടുപോയതിന് ശേഷമാണ് ഈ ക്വുർആൻ സൂക്തത്തിൽ പരാമർശിക്കുന്ന സംഭവങ്ങൾ അരങ്ങേറുന്നത്.

വർഷങ്ങളോളം ബാബിലോണിൽ ഇസ്റാഈല്യർക്ക് അടിമകളായി കഴിയേണ്ടിവന്നു. ഈ ദൗർഭാഗ്യപരമായ കാലഘട്ടത്തിൽ അവരുടെ ആത്മീയ പ്രതിരോധശക്തി തളർന്ന ഒരു അവസ്ഥയിലായിരുന്നു. അങ്ങനെയൊരു സാഹചര്യത്തിലാണ് സിഹ്റിന്റെ ദൂഷ്യവ്യവഹാരത്തിന് അവരുടെ സമൂഹത്തിൽ വ്യാപകമായ സ്വാധീനമുണ്ടാകുന്നത്. ഭാവിഫലങ്ങൾ പറയുന്നു എന്ന് അവകാശപ്പെടുന്നവരുടെ അടുക്കലേക്കും മേഘങ്ങളെയും നക്ഷത്രങ്ങളെയുമൊക്കെ നോക്കി ലക്ഷണം പറയുന്ന ജ്യോത്സ്യൻമാരുടെ അടുക്കലേക്കും അവർ നിരന്തരം ഒഴുകി. ഭൂതഗണങ്ങളെയും മരിച്ചവരെയും

> ഹാറൂത്ത്, മാറൂത്ത് എന്നീ മലക്കുകൾ വ്യക്തമായ ഉദ്ദേശ്യത്തോടെ നിയോഗിക്കപ്പെട്ടത് സിഹ്റിന്റെ യാഥാർഥ്യവും അതിന്റെ അപകടങ്ങളും മനുഷ്യൻ തിരിച്ചറിയേണ്ടതിന്റെ ആവശ്യകതയും ഉയർത്തിക്കാണിക്കാനായിരുന്നു എന്ന് വ്യക്തമാണ്. ആ രണ്ട് മലക്കുകളും സിഹ്റിനെ കുറിച്ച് പഠിപ്പിക്കുന്ന സമയത്ത് അവർക്ക് പ്രത്യേകം മുന്നറിയിപ്പ് നൽകാറുണ്ടായിരുന്നു; ഞങ്ങൾ അല്ലാഹുവിൽനിന്നുള്ള ഒരു പരീക്ഷണം മാത്രമാണ്. അതുകൊണ്ട് നിങ്ങൾ ഈ സിഹ്റെന്ന പ്രവർത്തനം ചെയ്തുകൊണ്ട് കുഫ്ർ ചെയ്തുപോകരുത്. ഈ ഉദ്ദേശ്യത്തോടെയായിരുന്നു സിഹ്റിന്റെ യാഥാർഥ്യവും അപകടങ്ങളും ബാബിലോണിലെ ജനങ്ങളെ അവർ പഠിപ്പിച്ചിരുന്നത്.

വിളിച്ചുവരുത്തി ദോഷം മാറ്റാൻ കഴിയുമെന്ന് അവകാശപ്പെടുന്നവരുടെ അടുക്കൽ സേവനം തേടുന്നത് അവരുടെ പതിവായി. സിഹ്റുമായി ബന്ധപ്പെട്ട നിരവധി വഴികളിലൂടെ വ്യാപാരത്തിനും ഉപദേശത്തിനും അവർ ഇടപെട്ടുവന്നു. അല്ലാഹു അവതരിപ്പിച്ച തൗറാത്തിലെ അധ്യാപനങ്ങൾ അവർ വലിച്ചെറിഞ്ഞു. പിശാച് അവർക്ക് ഓതിക്കൊടുത്ത പലതിനെയും പിൻപറ്റാനുള്ള വ്യഗ്രത അവരിൽ സജീവമായി നിലനിന്നു.

ഈ ആവസരത്തിലാണ്, സുലൈമാൻ നബി(അ)യുടെ രാജവാഴ്ചയിൽ ആ മഹാനായ പ്രവാചകന് ലഭിച്ച അല്ലാഹുവിൽനിന്നുള്ള അനുഗ്രഹങ്ങളെ പിശാചുക്കൾ അവർക്ക് കഴിയുംവിധം തെറ്റിദ്ധരിപ്പിക്കുന്നത്. സുലൈമാൻ നബി(അ)ക്ക് അല്ലാഹുവിൽനിന്ന് ലഭിച്ച മഹത്തായ അനുഗ്രഹങ്ങൾ സിഹ്റിലൂടെ ലഭിച്ചതാണെന്ന കള്ളവാർത്ത പിശാചുകൾ കെട്ടിച്ചമച്ച് പ്രചരിപ്പിച്ചു. ഈ വ്യാജവാർത്തകൾ ജനങ്ങളിൽ ദ്രുതഗതിയിൽ പ്രചരിച്ചു, സിഹ്റിന്റെ വിഷം വീണ്ടും ആ സമൂഹത്തിലേക്ക് നുഴഞ്ഞുകയറി. സിഹ്റിന്റെ വ്യത്യസ്ത മുഖങ്ങൾ ആ സമൂഹത്തിൽ പുനരുദ്ധരിക്കുകയും അതിനെ സുലൈമാൻ നബി(അ)യുടെ ജാലവിദ്യയായി പരിചയപ്പെടുത്തുകയും അതിലൂടെ ജനങ്ങൾ വഞ്ചിതരാവുകയും ചെയ്തു. വാസ്തവത്തിൽ, സുലൈമാൻ നബി(അ) ഒരിക്കലും സിഹ്ർ ഉപയോഗിച്ചിട്ടില്ല, പഠിച്ചിട്ടില്ല, അതു മറ്റുള്ളവരെ പഠിപ്പിച്ചിട്ടുമില്ല. പക്ഷേ, പിശാചുകൾ മനുഷ്യരെ തെറ്റായ വഴിയിലേക്ക് നയിക്കുന്ന തങ്ങളുടെ ദുഷ്ട പദ്ധതിയുടെ ഭാഗമായി സിഹ്റിന്റെ അറിവ് ജനങ്ങളിൽ പ്രചരിപ്പിക്കുകയായിരുന്നു. അതിനുശേഷം അതിന്റെ ഉത്തരവാദിത്തം സുലൈമാൻ നബി(അ)യിലേക്ക് ചേർത്തുപറയുകയും ചെയ്തു. ഒരു പ്രവാചകന് അല്ലാഹുവിൽനിന്നും ലഭിച്ച അനുഗ്രഹത്തെ മറപ്പിക്കുംവിധമായിരുന്നു അവരുടെ കുപ്രചരണങ്ങൾ. അല്ലാഹു പറഞ്ഞു:

“സുലൈമാൻ അവിശ്വസിച്ചിട്ടില്ലതാനും. എങ്കിലും, മനുഷ്യർക്ക് ‘സിഹ്ർ’ പഠിപ്പിച്ചുകൊണ്ട് പിശാചുക്കളത്രെ അവിശ്വസിച്ചത്” (അൽബക്വറ: 102).

ഈ വിഷയത്തിൽ വ്യക്തത വരുത്താനായിരുന്നു അല്ലാഹു ഹാറൂത്തും മാറൂത്തും എന്നു പേരുള്ള രണ്ട് മലക്കുകളെ മനുഷ്യരൂപത്തിൽ ബാബിലോണിലേക്ക് അയച്ചത്. ജനങ്ങൾക്ക് സിഹ്ർ എന്താണെന്നും അതിന്റെ യഥാർഥ സ്വഭാവം എങ്ങനെയാണെന്നും അതിന്റെ ദുഷ്പ്രഭാവങ്ങളും അതിലൂടെയുള്ള പരീക്ഷണങ്ങളും എങ്ങനെ ഉണ്ടാകുന്നുവെന്നും അവർ പഠിപ്പിച്ചു. ജനങ്ങൾ സിഹ്റിനെ അല്ലാഹുവിൽനിന്നുള്ള അതുല്യജ്ഞാനമായി തെറ്റിദ്ധരിക്കുകയും സുലൈമാൻ നബി(അ)ക്ക് ലഭിച്ച അനുഗ്രഹങ്ങളെ അതുമായി ബന്ധിപ്പിക്കുകയും ചെയ്തതിനെതിരെയാണ് അല്ലാഹു അവരിൽ ഇടപെടുന്നതെന്നർഥം.

ഹാറൂത്ത്, മാറൂത്ത് എന്നീ മലക്കുകൾ വ്യക്തമായ ഉദ്ദേശ്യത്തോടെ നിയോഗിക്കപ്പെട്ടത് സിഹ്റിന്റെ യാഥാർഥ്യവും അതിന്റെ അപകടങ്ങളും മനുഷ്യൻ തിരിച്ചറിയേണ്ടതിന്റെ ആവശ്യകതയും ഉയർത്തിക്കാണിക്കാനായിരുന്നു എന്ന് വ്യക്തമാണ്. കെ. ഉമർ മൗലവി(റഹി) എഴുതി: “മലക്കുകളെന്നുവെച്ചാൽ സാധാരണ നാം പറഞ്ഞുവരുന്ന മലക്കുകൾ എന്നുതന്നെ. അവർ മനുഷ്യരൂപമെടുത്ത് ജനങ്ങളുമായി സമ്പർക്കം പുലർത്തി. അവർ ജനങ്ങളെ സിഹ്ർ പഠിപ്പിച്ചു. സിഹ്റും മുഅ്ജിസത്തും തമ്മിലുള്ള വ്യത്യാസം തെളിഞ്ഞുകാണുവാൻ വേണ്ടിയാണ് അവർ പഠിപ്പിച്ചതെന്ന് കാണുന്നു” (തർജുമാനുൽ ക്വുർആൻ, ഭാഗം 1, അൽബക്വറ 102ന്റെ വ്യാഖ്യാനം).

അതിനുശേഷം ബനൂഇസ്റാഈല്യർ ചെയ്തുപോന്നത് അതിനികൃഷ്ടമായ പ്രവർത്തനങ്ങളാണ്. മലക്കുകൾ അവർക്ക് പഠിപ്പി

ച്ചുകൊടുത്ത സിഹ്‌റും പിശാചുക്കളിലൂടെ അവർ ഉപയോഗിച്ചു വന്നിരുന്ന സിഹ്‌റും; ഇത് രണ്ടും അവർ പിൻപറ്റി പ്രയോഗത്തിൽ കൊണ്ടുവന്നു. ഈ പ്രവണതയെയാണ് അല്ലാഹു കടുത്ത ഭാഷയിൽ വിമർശിച്ചത്:

"സുലൈമാൻ അവിശ്വസിച്ചിട്ടില്ലതാനും. എങ്കിലും, മനുഷ്യർക്ക് 'സിഹ്ർ' പഠിപ്പിച്ചുകൊണ്ട് പിശാചുക്കളത്രെ അവിശ്വസിച്ചത്. ബാബിലോണിൽ ഹാറൂത്തും മാറൂത്തുമെന്ന രണ്ട് മലക്കുകൾക്ക് ഇറക്കപ്പെട്ടതും (അവർ പിൻപറ്റി)..." (അൽബക്വറ: 102).

ആ രണ്ട് മലക്കുകളും സിഹ്‌റിനെ കുറിച്ച് പഠിപ്പിക്കുന്ന സമയത്ത് അവർക്ക് പ്രത്യേകം മുന്നറിയിപ്പ് നൽകാറുണ്ടായിരുന്നു; ഞങ്ങൾ അല്ലാഹുവിൽനിന്നുള്ള ഒരു പരീക്ഷണം മാത്രമാണ്. അതുകൊണ്ട് നിങ്ങൾ ഈ സിഹ്‌റെന്ന പ്രവർത്തനം ചെയ്തുകൊണ്ട് കുഫ്ർ ചെയ്തുപോകരുത്. ഈ ഉദ്ദേശ്യത്തോടെയായിരുന്നു സിഹ്‌റിന്റെ യാഥാർഥ്യവും അപകടങ്ങളും ബാബിലോണിലെ ജനങ്ങളെ അവർ പഠിപ്പിച്ചിരുന്നത്. അക്കാര്യമാണ് തുടർന്ന് അല്ലാഹു വ്യക്തമാക്കുന്നത്:

"ഞങ്ങൾ ഒരു പരീക്ഷണം മാത്രമാണ്, അതിനാൽ നീ അവിശ്വസിച്ചു പോകരുത് എന്ന് പറയാതെ ഒരാൾക്കും അവർ രണ്ടാളും പഠിപ്പിച്ചിരുന്നതുമില്ല"(അൽബക്വറ: 102).

കെ. ഉമർ മൗലവി(റഹി) എഴുതി: "ആളുകൾ സിഹ്ർ പഠിക്കാൻ അവരുടെ അടുക്കൽ ചെന്നാൽ, ഒരിക്കലുമത് ചെയ്യരുത്, മനുഷ്യൻ കാഫിറായിപ്പോകുന്ന കാര്യമാണിത്, ഞങ്ങളിതു പഠിപ്പിക്കുന്നു എന്നല്ലാതെ ഞങ്ങൾ ചെയ്യുകയില്ല, അനുവദിക്കലുമില്ല എന്നൊക്കെ ഉപദേശിച്ചിട്ടേ പഠിപ്പിക്കലുണ്ടായിരുന്നുള്ളൂ. തെറ്റായൊരു കാര്യം ചെയ്യാൻ സൗകര്യമുണ്ടാകുകയും പ്രേരണയുണ്ടാകുകയും ചെയ്തിട്ട് പടച്ചവനെ പേടിച്ച് ചെയ്യാതിരിക്കലാണ് തഖ്‌വ. അതാണ് പ്രശംസനീയം. മഹാ പട്ടിണിക്കാരനായ ഒരാളെപ്പറ്റി അയാൾ പലിശക്ക് പണം കൊടുക്കാത്തവനാണെന്ന് പ്രശംസിക്കുന്നതിൽ അർഥമില്ലല്ലോ. അപ്പോൾ ഹാറൂത്തും മാറൂത്തും സിഹ്ർ പഠിപ്പിച്ചത് ഒരു പരീക്ഷണം (ഫിത്ന) എന്ന നിലക്കാണ്. അതാണ് ഞങ്ങളൊരു ഫിത്ന എന്നു പറഞ്ഞത്'' (തർജുമാനുൽ ക്വുർആൻ, ഭാഗം 1, അൽബക്വറ 102ന്റെ വ്യാഖ്യാനം).

■

# ചെലവഴിച്ചു നേടുക

ചെലവഴിച്ചു കഴിഞ്ഞതു മാത്രം! ഒരാൾ ദൈവമാർഗത്തിൽ എന്തൊന്ന് ചെലവഴിച്ചാലും അത് അയാളുടേതായി മാറുകയാണ്; പാരത്രിക ലോകത്ത് മഹത്തായ പ്രതിഫലം ലഭിക്കുകവഴി. അതുകൊണ്ടുതന്നെ ഇസ്‌ലാം ദാനധർമങ്ങളെ അങ്ങേയറ്റം പ്രോത്സാഹിപ്പിക്കുന്നു.

"സത്യവിശ്വാസികളേ, നിങ്ങൾ അധ്വാനിച്ചുണ്ടാക്കിയതിൽനിന്നും നിങ്ങൾക്കു നാം ഭൂമിയിൽനിന്ന് ഉൽപാദിപ്പിച്ചു തന്നതിൽനിന്നും നിങ്ങൾ ചെലവഴിക്കുക..."(ക്വുർആൻ 2:267).

"അല്ലാഹുവിന്റെ ഗ്രന്ഥം പാരായണം ചെയ്യുകയും നമസ്കാരം നിലനിർത്തുകയും നാം നൽകിയതിൽനിന്ന് രഹസ്യമായും പരസ്യമായും ചെലവഴിക്കുകയും ചെയ്യുന്നവർ ഒരിക്കലും നഷ്ടം പറ്റാത്ത ഒരു വ്യാപാരമാണ് പ്രതീക്ഷിക്കുന്നത്" (35:29).

നബി(സ്വ) പറഞ്ഞു: "ജീവിച്ചിരിക്കുന്ന കാലത്ത് ഒരു ദിർഹം ദാനം ചെയ്യുന്നത് മരിക്കാൻ നേരത്ത് നൂറ് ദിർഹം ദാനം ചെയ്യുന്നതിനെക്കാൾ ഉത്തമമാണ്"(അബൂദാവൂദ്).

■

ഒരാൾ എന്തിന്റെയൊക്കെ ഉടമസ്ഥനും അധിപനുമാണെങ്കിലും അയാൾക്കതെല്ലാം ഏതുനിമിഷവും നഷ്ടപ്പെട്ടേക്കാം. സർവവിധ ആസ്വാദനങ്ങളെയും തകർത്തുകളയുന്ന മരണം ഒരു മനുഷ്യനെ അവൻ ഉടുത്തുകൊണ്ടിരിക്കുന്ന വസ്ത്രത്തിന്റെ പോലും ഉടമയല്ലാതാക്കി മാറ്റുന്നു! അയാളുടെ സ്വത്തിന്റെയും ഉടുതുണിയുടെ പോലും അവകാശി അവനല്ല; അവന്റെ അനന്തരാവകാശിയാണെന്നർഥം.

പിന്നെ മനുഷ്യന് തന്റേതായി എന്താണുള്ളത്? അവൻ

# കണ്ണൂർ ഹജ്ജ് ഹൗസ്: നടപടികൾ ത്വരിതപ്പെടുത്തണം

## വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ

കണ്ണൂർ: കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം മുഖേന ഹാജിമാരുടെ യാത്ര സ്ഥിരമായതിനാൽ ഹജ്ജ് ഹൗസ് നിർമാണം ത്വരിതപ്പെടുത്താൻ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് കണ്ണൂർ ജവഹർ ഓഡിറ്റോറിയത്തിൽ വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംഘടിപ്പിച്ച ഹജ്ജ് ക്യാമ്പ് പ്രമേയത്തിലൂടെ സർക്കാറിനോട് ആവശ്യപ്പെട്ടു. ജവഹർ ഓഡിറ്റോറിയത്തിൽ നടന്ന ഹജ്ജ് ക്യാമ്പ് വിസ്ഡം പണ്ഡിത സഭ നിർവാഹക സമിതി അംഗം അബ്ദുല്ലത്വീഫ് സുല്ലമി മാറഞ്ചേരി ഉദ്ഘാടനം ചെയ്തു. വിസ്ഡം ജില്ലാ സെക്രട്ടറി കെ. അബ്ദുല്ല ഫാസിൽ ആധ്യക്ഷ്യം വഹിച്ചു.

ഹജ്ജ് തീർഥാടന സമയത്തെ വിമാനക്കമ്പനികളുടെ സാമ്പത്തികക്കൊള്ളക്കെതിരെ നിയമ നിർമാണം നടത്താൻ ക്യാമ്പ് കേന്ദ്ര സർക്കാറിനോട് ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ എം.പിമാരും രാഷ്ട്രീയപ്പാർട്ടികളും തങ്ങളുടെ ദൗത്യം നിർവഹിക്കണം.

സർക്കാർ പൊതുമേഖലയിലെ വിമാനത്താവളങ്ങളിൽ നിന്ന് യാത്രക്ക് സൗജന്യ നിരക്ക് ഏർപ്പെടുത്തുന്നതിന് പകരം സ്വകാര്യ കമ്പനികളെയും കവച്ചുവയ്ക്കുന്ന വിധം യാത്രാക്കൂലി വർധിപ്പിക്കുന്നത് അനീതിയാണ്. സ്വകാര്യ ഹജ്ജ് ഗ്രൂപ്പുകൾ മുഖേനയുള്ള വലിയൊരു വിഭാഗം ഹാജിമാരുടെ യാത്ര തടസ്സപ്പെട്ടത് പരിഹരിക്കാൻ സംസ്ഥാന സർക്കാർ കേന്ദ്രത്തിൽ സമ്മർദം ചെലുത്തണമെന്ന് പ്രമേയം തുടർന്നു. വിശുദ്ധ ഹജ്ജ് നിർവഹിക്കാൻ അവസരം ലഭിക്കുന്നത് ജീവിതത്തെ സ്ഫുടം ചെയ്യാനുള്ള സുവർണാവസരമാണെന്ന് അബ്ദുല്ലത്വീഫ് സുല്ലമി വിശ്വാസികളെ ഉദ്ബോധിപ്പിച്ചു.

അനേകായിരങ്ങൾ ഹജ്ജിന് അവസരം ലഭിക്കാതെ പ്രയാസപ്പെടുമ്പോഴും എല്ലാ സൗകര്യങ്ങളും ഒത്തിണങ്ങിയ വിശ്വാസികൾ അവസരം ഉപയോഗപ്പെടുത്തണമെന്നും മനസ്സും ശരീരവും അതിനായി ക്രമപ്പെടുത്തണമെന്നും അദ്ദേഹം തുടർന്നു.ദൈവപ്രീതിക്കായി നടത്തേണ്ട ആരാധനകളിൽപെട്ട ഹജ്ജ് യാത്രയോടനുബന്ധിച്ച് നടക്കുന്ന അനാചാരങ്ങളിൽ നിന്ന് സമൂഹം വിട്ട് നിൽക്കണം.

യാത്രയപ്പ് സംഗമങ്ങൾ വലിയ ആർഭാടത്തോടെ നടത്തുന്നതിലൂടെ ഉദ്ദേശ്യശുദ്ധിക്ക് ഭംഗം വരുന്നതിനെതിരെ ജാഗ്രത പുലർത്തണം. വീഡിയോ പ്രസന്റേഷനോടു കൂടി ഹജ്ജ്-ഉംറ കർമങ്ങളും ഹജ്ജിന്റെ ആരോഗ്യകാര്യങ്ങളും വിശദീകരിച്ചത് ശ്രദ്ധേയമായി. മുഹമ്മദ് സ്വാദിഖ് മദീനി സംശയ നിവാരണ സെഷന് നേതൃത്വം നൽകി. സി.പി. സലീം ഹാജിമാർ ശ്രദ്ധിക്കേണ്ട ആരോഗ്യ കാര്യങ്ങൾ സംബന്ധിച്ച് ക്ലാസ്സെടുത്തു. ■

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

# സൂറതുലുക്വ്മാൻ

(മക്കയിൽ അവതരിച്ചത്)

അധ്യായം 31

وَلَقَدْ آتَيْنَا لُقْمَانَ الْحِكْمَةَ أَنِ اشْكُرْ لِلَّهِ ۚ وَمَن يَشْكُرْ فَإِنَّمَا يَشْكُرُ لِنَفْسِهِ ۖ وَمَن كَفَرَ فَإِنَّ اللَّهَ غَنِيٌّ حَمِيدٌ ﴿١٢﴾

12. ലുക്വ്മാന് നാം തത്ത്വജ്ഞാനം നൽകുകയുണ്ടായി; നീ അല്ലാഹുവോട് നന്ദികാണിക്കുക. ആർ നന്ദി കാണിച്ചാലും തന്റെ ഗുണത്തിനായി തന്നെയാണ് അവൻ നന്ദികാണിക്കുന്നത്. വല്ലവനും നന്ദികേട് കാണിക്കുകയാണെങ്കിൽ തീർച്ചയായും അല്ലാഹു പരാശ്രയമുക്തനും സ്തുത്യർഹനുമാകുന്നു (എന്ന് അദ്ദേഹത്തോട് നാം അനുശാസിച്ചു).

وَإِذْ قَالَ لُقْمَانُ لِابْنِهِ وَهُوَ يَعِظُهُ يَا بُنَيَّ لَا تُشْرِكْ بِاللَّهِ ۖ إِنَّ الشِّرْكَ لَظُلْمٌ عَظِيمٌ ﴿١٣﴾

13. ലുക്വ്മാൻ തന്റെ മകന് സദുപദേശം നൽകികൊണ്ടിരിക്കെ അവനോട് ഇപ്രകാരം പറഞ്ഞ സന്ദർഭം (ശ്രദ്ധേയമാകുന്നു:) എന്റെ കുഞ്ഞുമകനേ, നീ അല്ലാഹുവോട് പങ്കുചേർക്കരുത്. തീർച്ചയായും അങ്ങനെ പങ്കുചേർക്കുന്നത് വലിയ അക്രമം തന്നെയാകുന്നു.

وَوَصَّيْنَا الْإِنسَانَ بِوَالِدَيْهِ حَمَلَتْهُ أُمُّهُ وَهْنًا عَلَىٰ وَهْنٍ وَفِصَالُهُ فِي عَامَيْنِ أَنِ اشْكُرْ لِي وَلِوَالِدَيْكَ إِلَيَّ الْمَصِيرُ ﴿١٤﴾

14. മനുഷ്യന് തന്റെ മാതാപിതാക്കളുടെ കാര്യത്തിൽ നാം അനുശാസനം നൽകിയിരിക്കുന്നു- ക്ഷീണത്തിനുമേൽ ക്ഷീണവുമായിട്ടാണ് മാതാവ് അവനെ ഗർഭം ചുമന്നു നടന്നത്. അവന്റെ മുലകുടി നിർത്തുന്നതാകട്ടെ രണ്ടുവർഷം കൊണ്ടുമാണ്-എന്നോടും നിന്റെ മാതാപിതാക്കളോടും നീ നന്ദികാണിക്കൂ. എന്റെ അടുത്തേക്കാണ് (നിന്റെ) മടക്കം.

وَإِن جَاهَدَاكَ عَلَىٰ أَن تُشْرِكَ بِي مَا لَيْسَ لَكَ بِهِ عِلْمٌ فَلَا تُطِعْهُمَا ۖ وَصَاحِبْهُمَا فِي الدُّنْيَا مَعْرُوفًا ۖ وَاتَّبِعْ سَبِيلَ مَنْ أَنَابَ إِلَيَّ ۚ ثُمَّ إِلَيَّ مَرْجِعُكُمْ فَأُنَبِّئُكُم بِمَا كُنتُمْ تَعْمَلُونَ ﴿١٥﴾

15. നിനക്ക് യാതൊരു അറിവുമില്ലാത്ത വല്ലതിനെയും എന്നോട് നീ പങ്കുചേർക്കുന്ന കാര്യത്തിൽ അവർ ഇരുവരും നിന്റെ മേൽ നിർബന്ധം ചെലുത്തുന്നപക്ഷം അവരെ നീ അനുസരിക്കരുത്. ഇഹലോകത്ത് നീ അവരോട് നല്ല നിലയിൽ സഹവസിക്കുകയും എന്നിലേക്ക് മടങ്ങിയവരുടെ മാർഗം നീ പിന്തുടരുകയും ചെയ്യുക. പിന്നെ എന്റെ അടുത്തേക്കാകുന്നു നിങ്ങളുടെ മടക്കം. അപ്പോൾ നിങ്ങൾ പ്രവർത്തിച്ചിരുന്നതിനെപ്പറ്റി ഞാൻ നിങ്ങളെ വിവരമറിയിക്കുന്നതാണ്.

يَا بُنَيَّ إِنَّهَا إِن تَكُ مِثْقَالَ حَبَّةٍ مِّنْ خَرْدَلٍ فَتَكُن فِي صَخْرَةٍ أَوْ فِي السَّمَاوَاتِ أَوْ فِي الْأَرْضِ يَأْتِ بِهَا اللَّهُ ۚ إِنَّ اللَّهَ لَطِيفٌ خَبِيرٌ ﴿١٦﴾

16. എന്റെ കുഞ്ഞുമകനേ, തീർച്ചയായും അത് (കാര്യം) ഒരു കടുകുമണിയുടെ തൂക്കമുള്ളതായിരുന്നാലും, എന്നിട്ടത് ഒരു പാറക്കല്ലിനുള്ളിലോ ആകാശങ്ങളിലോ ഭൂമിയിലോ എവിടെത്തന്നെയായാലും അല്ലാഹു അത് കൊണ്ടുവരുന്നതാണ്. തീർച്ചയായും അല്ലാഹു നയജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു.

12) ഇവിടെ അല്ലാഹു തന്റെ ശ്രേഷ്ഠനായ ദാസൻ ലുക്മാന് നൽകിയ തത്വജ്ഞാനത്തെക്കുറിച്ച് പറയുകയാണ്. അത് സത്യത്തെക്കുറിച്ചുള്ള ശരിയായ അറിവു നേടുന്നതിനും വിവിധ വിജ്ഞാനങ്ങൾക്ക് പിന്നിലെ രഹസ്യം മനസ്സിലാക്കുന്നതിനും സഹായിക്കുന്നു. മനുഷ്യൻ ചിലപ്പോൾ പണ്ഡിതനായിരിക്കാം. പക്ഷേ, തത്വജ്ഞാനിയായിരിക്കണമെന്നില്ല. തത്വജ്ഞാനം അറിവിലും പ്രവൃത്തിയിലും അധിഷ്ഠിതമാണ്. തത്വജ്ഞാനമെന്നത് സൽപ്രവൃത്തി, ഉപകാരപ്രദമായ വിജ്ഞാനം എന്നിങ്ങനെ വിശദീകരിക്കപ്പെടുന്നു. ഈ മഹത്തായ അനുഗ്രഹം അദ്ദേഹത്തിന് നൽകിയ ശേഷം അതിന് നന്ദിചെയ്യാൻ അല്ലാഹു നിർദേശിക്കുന്നു. അതിൽ അനുഗ്രഹം ലഭിക്കാനും അത് കൂടുതൽ വർധിച്ചുകിട്ടാനും അതുപകരിക്കും.

ഇനി, അല്ലാഹുവിനോട് അവൻ നന്ദി ചെയ്യാതിരുന്നാൽ അതെല്ലാം അവന് നാശമായി ഭവിക്കും. അല്ലാഹുവിന്റെ കൽപനകൾക്ക് ഒരാൾ എതിരു പ്രവർത്തിച്ചാലും അവന്റെ വിധിയിലും തീരുമാനത്തിലും അവൻ സ്തുത്യർഹനാണ്; ധന്യനാണ്. ധന്യത അവന്റെ ഗുണങ്ങളിൽ പെട്ടതാണ്. ഈ രണ്ട് വിശേഷണങ്ങളും അവന്റെ പൂർണതയുടെ വിശേഷണങ്ങളാണ്. അതിൽ ഒന്ന് മറ്റൊന്നിനോട് ചേരുമ്പോൾ പൂർണതക്കുമേൽ പൂർണതയാണ്.

ലുക്മാൻ ഒരു പ്രവാചകനാണോ അതോ സദ്വൃത്തനായ ഒരു ദാസനായിരുന്നോ എന്ന കാര്യത്തിൽ ക്വുർആൻ വ്യാഖ്യാതാക്കൾക്കിടയിൽ അഭിപ്രായ ഭിന്നതയുണ്ട്. അദ്ദേഹത്തിന് തത്വജ്ഞാനം നൽകി എന്നല്ലാതെ മറ്റൊന്നും അദ്ദേഹത്തെക്കുറിച്ച് അല്ലാഹു പറയുന്നില്ല. അദ്ദേഹം തന്റെ മകന് നൽകുന്ന ഉപദേശത്തിൽ തത്വജ്ഞാനത്തിന്റെ അടിസ്ഥാനതത്വങ്ങളും നിയമങ്ങളും ഊന്നിപ്പറയുന്നു.

(ലുക്മാൻ തന്റെ മകന് ഉപദേശം നൽകിക്കൊണ്ടിരിക്കെ അവനോട് ഇപ്രകാരം പറഞ്ഞ സന്ദർഭം:) ഉപദേശമായി ചില വാക്കുകൾ പറഞ്ഞു. ഉപദേശം എന്നാൽ ഭയവും പ്രതീക്ഷയും ചേർന്നുള്ള കൽപനാ വിരോധങ്ങളാണ്. അല്ലാഹുവിനോട് മാത്രം ആത്മാർഥമായ ഭക്തി കാണിക്കാൻ കൽപിക്കുകയും ശിർക്കിനെ വിരോധിക്കുകയും ചെയ്യു. അതിന്റെയെല്ലാം കാരണവും വിശദീകരിച്ച് കൊടുത്തു. അദ്ദേഹം പറഞ്ഞു: (തീർച്ചയായും പങ്ക് ചേർക്കുന്നത് വലിയ അക്രമം തന്നെയാകുന്നു) ഏറ്റവും വലിയ അക്രമം എന്നാണ് പറഞ്ഞത്; മോശമായത്, വഷളായത് എന്നൊന്നുമല്ല. മണ്ണിൽ നിന്ന് വന്ന ഒരു സൃഷ്ടിയെ എല്ലാറ്റിന്റെയും പരമാധികാരിക്ക് തുല്യമാക്കുന്നു. എല്ലാറ്റിന്റെയും ഉടമസ്ഥനെ ഒന്നും ഉടമപ്പെടുത്താത്തവരോട് സമപ്പെടുത്തുന്നു. എല്ലാ നിലയ്ക്കും ധന്യനും പരിപൂർണനുമായ രക്ഷിതാവിനെ അപൂർണനും ആവശ്യക്കാരനുമായവനോട് സാമ്യപ്പെടുത്തുന്നു. ഒരു അണുമണിത്തൂക്കം അനുഗ്രഹം ചെയ്യിട്ടില്ലാത്തവനെ ശരീരത്തിനും മനസ്സിനും ഇഹത്തിലും പരത്തിലും അനുഗ്രഹം ചെയ്യവനുമായി തുല്യപ്പെടുത്തുന്നു. അവനല്ലാതെ ദോഷങ്ങളെ തടുക്കില്ല. ഇതിനെക്കാളെല്ലാം വലിയ അക്രമം എന്താണുള്ളത്? തന്നെ ആരാധിക്കാനും ഏകനാക്കാനും അല്ലാഹു സൃഷ്ടിച്ച ശരീരം കൊണ്ടുപോയി ഏറ്റവും മോശമായതിൽ അവനാക്കി. ഒരു കാര്യത്തിലും അവനോട് തുല്യരാവാത്തവരെ അവനോട് പങ്ക് ചേർത്തു. അങ്ങനെ അവൻ തന്നോട് ഏറ്റവും വലിയ അക്രമം ചെയ്യു.

14) തൗഹീദ് നിലനിൽക്കാൻ ശിർക്ക് ഉപേക്ഷിക്കൽ അനിവാര്യമാണ്. ഇങ്ങനെ അവനോടുള്ള ബാധ്യത നിർവഹിക്കാൻ കൽപിച്ച ശേഷം മാതാപിതാക്കളോടുള്ള ബാധ്യതാ നിർവഹണമാണ് തുടർന്ന് പറയുന്നത്. (മനുഷ്യന് നാം അനുശാസനം നൽകിയിരിക്കുന്നു) അവനോട് നാം കൽപിക്കുകയും അതിനുള്ള നിർദേശങ്ങൾ നൽകുകയും ചെയ്യിരിക്കുന്നു. അവൻ അത് നിർവഹിച്ചോ ഇല്ലയോ എന്ന് നാം അവനോട് ചോദിക്കുന്നതാണ്. നാം അവനോട് കൽപിച്ചു: (നിന്റെ മാതാപിതാക്കളുടെ കാര്യത്തിൽ) നാം പറഞ്ഞു: (എന്നോട് നീ നന്ദി കാണിക്കൂ) എന്നെ ആരാധിക്കുന്നതിലൂടെയും എന്നോടുള്ള ബാധ്യത നിർവഹിക്കുന്നതിലൂടെയും. എന്നോട് അനുസരണക്കേട് കാണിച്ചുകൊണ്ട് എന്റെ അനുഗ്രഹം നീ ആവശ്യപ്പെടരുത്. (നിന്റെ മാതാപിതാക്കളോടും) ദയ കാണിക്കുക, അവരോട് സൗമ്യമായി സംസാരിക്കുക, നല്ല രീതിയിൽ പെരുമാറുക, വിനയം കാണിക്കുക, അവരെ ബഹുമാനിക്കുക, പരിപാലിക്കുക, വാക്കിലോ പ്രവൃത്തിയിലോ മോശമായി പെരുമാറുന്നത് ഒഴിവാക്കുകയും ചെയ്യുക.

ഈ ഉപദേശങ്ങൾക്കൊപ്പം നാം അവനെ അറിയിച്ചു:

(എന്റെ അടുത്തേക്കാണ് നിന്റെ മടക്കം) അതായത്; മനുഷ്യരേ, ഈ കടമകളെല്ലാം നിങ്ങളെ ഉപദേശിക്കുകയും കൽപിക്കുകയും ചെയ്തവന്റെ അടുത്തേക്ക് നിങ്ങളെല്ലാവരും മടങ്ങി വരും. അപ്പോൾ അവൻ നിന്നോട് ചോദിക്കും: നിന്റെ കടമകൾ നീ നിർവഹിച്ചോ? അതിലൂടെ മഹത്തായ പ്രതിഫലം നേടിയോ? അതോ അതിൽ വീഴ്ച വരുത്തിയോ? അതിലൂടെ വലിയ ശിക്ഷയാണോ ലഭിച്ചത്?

തുടർന്ന് മാതാപിതാക്കൾക്ക് നൻമ ചെയ്യേണ്ടതിന്റെ കാരണം ഓർമിപ്പിക്കുന്നു. പ്രത്യേകിച്ച് മാതാവിന്റെ കാര്യം. (ക്ഷീണത്തിനുമേൽ ക്ഷീണവുമായിട്ടാണ് മാതാവ് അവനെ ഗർഭം ചുമന്ന് നടന്നത്) അതായത് പ്രയാസത്തിനുമേൽ പ്രയാസം. ഒരു ബീജാണു ആകുന്നതു മുതൽ പ്രയാസങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അസുഖം, ബലഹീനത, ഭാരം, മാറിക്കൊണ്ടിരിക്കുന്ന അവസ്ഥകൾ, പ്രസവവേദന... അങ്ങനെ ധാരാളം പ്രയാസങ്ങൾ. (അവന്റെ മുലകുടി നിർത്തുന്നതാകട്ടെ രണ്ടുവർഷം കൊണ്ടുമാണ്) ഈ രണ്ടു വർഷം മുഴുവനും ഉമ്മയുടെ പരിചരണവും സംരക്ഷണവും മുലയൂട്ടലുമാണ്. തന്റെ കുട്ടിയോടുള്ള സ്നേഹത്താൽ ഈ പ്രയാസങ്ങളെല്ലാം സഹിക്കുമ്പോൾ അവർക്ക് പൂർണമായ നൻമ ചെയ്യണമെന്ന് അവനോട് ശക്തമായി നിർദേശിക്കേണ്ടതില്ലേ?

15) (നിന്റെ മേൽ നിർബന്ധം ചെലുത്തുന്നപക്ഷം) നിന്റെ മാതാപിതാക്കൾ നിർബന്ധിച്ചാൽ. (നിനക്ക് യാതൊരു അറിവുമില്ലാത്ത വല്ലതിനെയും എന്നോട് നീ പങ്ക് ചേർക്കുന്ന കാര്യത്തിൽ) ഇതും അവരോടുള്ള നന്മയാണെന്ന് വിചാരിക്കരുത്. കാരണം അല്ലാഹുവിന്റെ അവകാശത്തിനാണ് എല്ലാവരുടെയും അവകാശങ്ങളെക്കാളും മുൻഗണന. 'സ്രഷ്ടാവിന് എതിരായി ഒരു സൃഷ്ടിക്കും അനുസരണമില്ല.' നിനക്കറിയാത്ത കാര്യത്തിൽ എന്നോട് പങ്ക് ചേർക്കാൻ അവർ നിന്നെ നിർബന്ധിച്ചാൽ അവരോട് നീ മോശമായി പെരുമാറുക, ധിക്കരിക്കുക എന്നൊന്നും അല്ലാഹു പറഞ്ഞില്ല. മറിച്ച് (അവരെ നീ അനുസരിക്കരുത്) എന്നാണ് പറഞ്ഞത്. അല്ലാഹുവിൽ പങ്ക് ചേർക്കുന്നതിൽ അനുസരിക്കരുത് എന്ന്. എന്നാൽ അവർക്ക് നൻമ ചെയ്യുന്നത് നീ തുടരുകയും ചെയ്യുക. (ഇഹലോകത്ത് അവരോട് നീ നല്ല നിലയിൽ സഹവസിക്കുകയും ചെയ്യുക) നല്ലനിലയിലുള്ള സഹവാസം എന്നാൽ അവിശ്വാസത്തിലും തെറ്റിലും അവരെ രണ്ട് പേരെയും അനുസരിക്കണം എന്നതല്ല.

(എന്നിലേക്ക് മടങ്ങിയവരുടെ മാർഗം നീ പിന്തുടരുകയും ചെയ്യുക) അവർ അല്ലാഹുവിലും മലക്കുകളിലും പ്രവാചകന്മാരിലും വേദഗ്രന്ഥങ്ങളിലും വിശ്വസിക്കുന്നവരാണ്. തങ്ങളുടെ രക്ഷിതാവിന് പൂർണമായും കീഴൊതുങ്ങിയവർ, അവനിലേക്ക് ഖേദിച്ചു മടങ്ങിയവർ. അല്ലാഹുവിലേക്ക് മടങ്ങുന്ന കാര്യത്തിൽ അവരുടെ മാർഗം പിൻപറ്റുക. അല്ലാഹുവിന്റെ തൃപ്തി ലഭിക്കാനും അവനോട് അടുക്കാനുമുള്ള ആരാധനകൾ നടത്തുകയും ചെയ്യുക.

(പിന്നെ എന്റെ അടുക്കലേക്കാകുന്നു നിങ്ങളുടെ മടക്കം) അനുസരിക്കുന്നവനും ധിക്കരിക്കുന്നവനും ഖേദിച്ചു മടങ്ങുന്നവനുമെല്ലാം. (അപ്പോൾ നിങ്ങൾ പ്രവർത്തിച്ചതിനെപ്പറ്റി ഞാൻ നിങ്ങളെ വിവരമറിയിക്കുന്നതാണ്) അവരുടെ യാതൊരു പ്രവർത്തനവും അവനിൽനിന്ന് രഹസ്യമായിരിക്കില്ല.

16) (എന്റെ കുഞ്ഞുമകനേ, തീർച്ചയായും അത് ഒരു കടുകുമണിയുടെ തൂക്കമുള്ളതായിരുന്നാലും) വസ്തുക്കളിൽ നിസ്സാരവും ചെറുതുമാണ് കടുകുമണി. (എന്നിട്ടത് ഒരു പാറക്കുള്ളിലായിരുന്നാലും) അതിന്റെ മധ്യത്തിൽ. (ആകാശങ്ങളിലോ ഭൂമിയിലോ) അതിന്റെ മറ്റെവിടെയെങ്കിലുമോ ആയിരുന്നാലും. (അല്ലാഹു അത് കൊണ്ടുവരുന്നതാണ്) അല്ലാഹുവിന്റെ വിശാലമായ അറിവും സൂക്ഷ്മജ്ഞാനവും അവന്റെ അവബോധവും ശക്തിയും കാരണം അത് പുറത്ത് കൊണ്ടുവരും. അതിനാൽ അവൻ പറയുന്നു: (തീർച്ചയായും അല്ലാഹു നിയമജ്ഞനും സൂക്ഷ്മജ്ഞനുമാകുന്നു) അവൻ അവന്റെ അറിവിലും ബോധത്തിലും സൂക്ഷ്മജ്ഞനാണ്. എല്ലാ രഹസ്യങ്ങളും ഉള്ളറകളിലുള്ളതും മരുഭൂമിയിലെയും കടലിലെയും അതീവ രഹസ്യങ്ങളും അവൻ അറിയുന്നു. അതുകൊണ്ട് ഉദ്ദേശിക്കുന്നത് അല്ലാഹു എപ്പോഴും നിരീക്ഷിക്കുകയാണെന്ന് ഓർമപ്പെടുത്താനും കഴിയുന്നത്ര അവനെ അനുസരിച്ചുകൊണ്ട് പ്രവർത്തിക്കാനും പ്രേരിപ്പിക്കുകയാണ്. ചെറുതോ വലുതോ ആയ തിന്മകൾ ചെയ്യുന്നതിനെതിരായ മുന്നറിയിപ്പും ഇതിലുണ്ട്. ■



സലാം സുറുമ എടത്തനാട്ടുകര
9447364751

# ഒന്ന് എഴുതി നോക്കൂന്നേ...

'എന്താ കുട്ടീ, മലയാളം റെക്കോർഡ് വെക്കാത്തത്?'

1994-96 വർഷത്തിനിടയിലെ അധ്യാപക പരിശീലന കാലത്ത് ഇത് ചോദിച്ച അധ്യാപകന്റെ മുൻപിൽ ചെന്നുചാടല്ലേ എന്നായിരുന്നു പ്രാർഥന. വർഷാവസാനം അധ്യാപകവിദ്യാർഥികളുടെ മുഴുവൻ വർക്കുകളും പരിശോധിക്കുന്ന, ടി.ടി.ഐ.യിൽ നിന്നും പുറത്തുനിന്നുള്ള സംഘമായ കമ്മീഷൻ ടീമിന് സമർപ്പിക്കേണ്ട മലയാളം വിഷയത്തിന്റെ റെക്കോർഡ് ഇതുവരെയും സാറിനെ കാണിച്ചിട്ടില്ല. ക്ലാസ്സിൽ ആകെ 31 പേരേയുള്ളൂ. അതിൽ ആകെ ആറ് ആൺകുട്ടികൾ. സാറിന് എല്ലാവരെയും പച്ചവെള്ളം പോലെ അറിയാം. എന്തോ ആവശ്യത്തിന് സ്റ്റാഫ് റൂമിലേക്ക് പോയ ഞാൻ ചെന്നുപെട്ടത് ആ മലയാളം അധ്യാപകന്റെ മുന്നിൽ തന്നെ. 'ഏറെക്കുറെ എല്ലാം എഴുതിയിട്ടുണ്ട്. ഉടനെ വയ്ക്കാം' എന്നു പറഞ്ഞ് തൽക്കാലം തടിതപ്പി.

മലയാളം വ്യാകരണം, ആത്മകഥ, കഥ, നോവൽ, കവിത, യാത്രാവിവരണം തുടങ്ങിയവയിൽ പ്രമുഖരായ എഴുത്തുകാരുടെ പുസ്തകങ്ങൾ വായിച്ച് ആസ്വാദനക്കുറിപ്പ് എഴുതിയാണ് മലയാളം റെക്കോർഡ് തയ്യാറാക്കേണ്ടത്. അതിന്റെ കൂട്ടത്തിൽ ആത്മകഥയും എഴുതണം. അതിലാണ് ഞാൻ പെട്ടുപോയത്. ആത്മകഥ എഴുതാൻ എനിക്ക് അറിഞ്ഞുകൂടാ. എവിടെ തുടങ്ങണമെന്നോ എങ്ങനെ അവസാനിപ്പിക്കണമെന്നോ അറിയാതെ ഞാൻ കുഴങ്ങി. സംഗതി അറിഞ്ഞ എന്റെ ഒരു സുഹൃത്ത് എന്റെ വിവരങ്ങൾ കുറിച്ച് വാങ്ങി. പിറ്റേന്ന് വന്നപ്പോൾ എന്റെ ആത്മകഥ എഴുതിയ പേപ്പർ കൈയിൽ വച്ചുതന്നു. അത് വായിച്ചു നോക്കിയപ്പോഴാണ് ആത്മകഥയെഴുത്ത് വളരെ ലളിതമായ സംഗതിയാണ് എന്നെനിക്ക് ബോധ്യപ്പെട്ടത്.

ക്ലാസ്സിലെ മറ്റു കുട്ടികളുടെ റെക്കോർഡ് എടുത്ത് അവരുടെ ആത്മകഥയിലൂടെ ഞാൻ കടന്നുപോയി. സുഹൃത്ത് എഴുതിത്തന്നതിൽനിന്നും മറ്റുള്ളവരുടെ ആത്മകഥയിൽനിന്നുമായി നല്ല ശൈലികൾ കൂട്ടിച്ചേർത്ത് ഞാൻ എന്റെ ആത്മകഥ പുതുക്കിയെഴുതി. എന്റെ പേനയിൽനിന്നും പിറക്കുന്ന ആദ്യത്തെ രചന. അത് എന്നിൽ ആത്മവിശ്വാസം വളർത്തി.

നാലാം ക്ലാസ്സുവരെ മാത്രം ഔപചാരികമായി മലയാളം പഠിച്ച ഞാൻ അഞ്ചു മുതൽ പത്തുവരെയും ഒന്നാം ഭാഷയായി അറബിയാണ് പഠിച്ചത്. ടി.ടി.സി. പഠനകാലത്താണ് മലയാള ഭാഷാപഠനം പുനരാരംഭിക്കുന്നത്. സ്കൂളിൽ പഠിക്കുന്ന കാലത്തുതന്നെ പത്രവായന ഏറെ ഇഷ്ടമായിരുന്നു. ഞങ്ങളുടെ സ്കൂൾ പ്രധാനാധ്യാപകനും അയൽവാസിയുമായ ഹരിദാസൻ മാഷിന്റെ ഭാര്യ സുനന്ദ ചേച്ചി പുസ്തകങ്ങൾ വായിക്കാൻ നന്നായി പ്രോൽസാഹിപ്പിക്കുമായിരുന്നു. അവരുടെ ഹോംലൈബ്രറിയിലെ പുസ്തകങ്ങളെല്ലാം വായിക്കാൻ തന്നിരുന്നു. പഠിക്കുന്ന കാലത്തുതന്നെ മാക്സിം ഗോർക്കിയും വിക്ടർ ഹ്യൂഗോയുമൊക്കെ അങ്ങനെ എനിക്ക് പരിചിതമായിരുന്നു. പിന്നീട് വൈക്കം മുഹമ്മദ് ബഷീറിന്റെയും സർ ആർതർ കോനൽ ഡൊയലിന്റെയുമൊക്കെ രചനകൾ വായനയിലേക്ക് കൂടുതൽ അടുപ്പിച്ചു.

ടി.ടി.സി. ഒന്നാം വർഷത്തിൽ സ്കൂൾ മാഗസിൻ എഡിറ്ററായും കോളേജ് പഠന കാലത്ത് മാഗസിൻ എഡിറ്റോറിയൽ അംഗമായും പ്രവർത്തിച്ചു. പല മേഖലകളിലായി നിരവധി കൈയെഴുത്ത് മാഗസിനുകൾ ഇറക്കുന്നതിൽ പ്രധാന പങ്കുവഹിച്ചു. ജോലി ചെയ്ത സ്ഥാപനങ്ങളിൽ മാഗസിനുകളും സ്കൂൾ പത്രങ്ങളും ഇറക്കുന്നതിൽ ചെറുതല്ലാത്ത റോൾ വഹിച്ചു. ഇവയെല്ലാം വായനയെയും എഴുത്തിനെയും പരിപോഷിപ്പിക്കുകയായിരുന്നു. ഒന്ന് ശ്രമിച്ചാൽ, പരന്ന വായനയും നിരീക്ഷണ ശേഷിയും അൽപമൊക്കെ ജന്മവാസനയും ഉള്ളവർക്ക് നല്ല എഴുത്തുകാരാകാം. നന്മയുടെ സന്ദേശം പ്രചരിപ്പിക്കാൻ പുതിയ എഴുത്തുകാർ വളർന്നുവരണം. 'നേർപഥം' പുതിയ എഴുത്തുകാർക്ക് പേജുകൾ അനുവദിക്കുന്നത് വളരെ വലിയ കാര്യമാണ്. അത് ഉപയോഗപ്പെടുത്തുവാൻ പുതുതലമുറയിലുള്ളവർ തയ്യാറാകണം. ■



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi

# GREEN HOME
## RESIDENTIAL CAMPUS
**FOR BOYS AND GIRLS**

# REGISTRATION OPEN
## FOR GRADE 5-9






### SPECIALITIES

- Affiliated to CBSE Board of Education, New Delhi
- Seasoned & Experienced Faculty
- Curriculum Enriched with Belief System, Islamic Studies, Ethics and Morals
- Memorization of a Prescribed Portion of the Holy Qur'an with Thajweed Rules
- Communicative English and Academic Support with Subject Faculties
- Counselling Facility for Socio-Emotional Well Being
- Healthy and Nutritious Menu
- Sports and Fitness Facilities
- Computer lab for Learning Enhancement

**CONTACT : +91 9061 746 600**
**+91 9061 716 600**

greenvalleycampus

GREEN VALLEY
PUBLIC SCHOOL
greenvalleycampus

Green Valley Campus
Nellikkaparamba, Mukkam, Kozhikode
Kerala, Pin: 673602
Tel: 0495-220 8770, Mob: 9061716600
E-Mail: info@greenvalleycampus.com
Web: www.greenvalleycampus.com

*For Registration Scan QR Code*

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on
03 May 2025

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

WISDOM students



ധർമ സമരത്തിന്റെ
വിദ്യാർത്ഥി കാലം

# കേരള സ്റ്റുഡന്റ്സ് കോൺഫറൻസ്

## 2025 മെയ് 11
## പെരിന്തൽമണ്ണ

wisdomstudents

Studenthood of Moral Struggle | Studenthood of Moral Struggle | Studenthood of Moral Struggle | Studenthood of Moral Struggle | Studenthood of Moral Struggle